ഫീസ് നിശ്ചയിച്ച് ഇപ്രകാരം ലഭിക്കുന്ന തുക പ്രത്യേക അക്കൗണ്ടിലൂടെ വിനിമയം നടത്തുകയും ചെയ്യുന്നു. അടിസ്ഥാന ലക്ഷ്യം മാലിന്യ സംസ്ക്കരണമാണെങ്കിലും ഇതുവരെയും കമ്മിറ്റിയുടെ നിയമാവലിക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് മാലിന്യശേഖരണത്തിനു വേണ്ടി ഒരു ലോറി വാങ്ങാൻ സാധിച്ചുവെന്നത് നേട്ടമാണ്. ഹോട്ടലുകളിൽ റെയ്ഡ് നടത്തി പഴകിയ ഭക്ഷണ സാധനങ്ങൾ പിടിച്ചെടുക്കുന്നതിലും സ്ഥാപന ഉടമകൾക്കെതിരെ പിഴ ഈടാക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാതൃകാപരമായ ഇത്തരം നടപടികൾ തുടർന്ന് കൊണ്ടു പോകേണ്ടതും അത്യാവശ്യമാണ്.

കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും ഒരു തവണ യോഗം ചേരുന്നുണ്ടെങ്കിലും കാലികമായി ഉയർന്നുവരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയും, അതിനു താൽക്കാലിക പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതിൽ മാത്രം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഒതുങ്ങി നിൽക്കുന്നു. ആരോഗ്യപൂർണ്ണമായ സമൂഹത്തിന് ആധാരമായി വർത്തിക്കേണ്ട വിവിധ മേഖലകളെ അപഗ്രഥിക്കാനോ കണ്ടെത്തുന്ന പ്രശ്നങ്ങൾ സുസ്ഥിരമായി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാനോ കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ലെന്ന് യോഗ മിനിട്സ് വ്യക്തമാക്കുന്നു. ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യ വികസനവും മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങളും ഗൗരവതരമായി കാണാതിരുന്നത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

വടകര നഗരസഭയിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും ഒരു തവണ യോഗം ചേരുന്നുണ്ട്. എന്നാൽ നഗരസഭയെ മൊത്തമായി വിശകലനം ചെയ്ത് ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിയുന്നില്ല എന്ന് കമ്മിറ്റി മിനിട്സ് വ്യക്തമാക്കുന്നു. നഗരസഭയിൽ തത്സമയം ഉയരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ആയതിന് പരിഹാരം കാണുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്.

വയനാട് മാനന്തവാടി ഗ്രാമപഞ്ചായത്ത്- പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലും കർമ്മ സമിതിയിലും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു തവണ എല്ലാ മാസവും യോഗം ചേരുന്നുണ്ട്. എന്നാൽ നഗരസഭയെ മൊത്തമായി വിശകലനം ചെയ്ത് ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിയുന്നില്ല എന്ന് കമ്മിറ്റി മിനിട്സ് വ്യക്തമാക്കുന്നു. നഗരസഭയിൽ തത്സമയം ഉയരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ആയതിന് പരിഹാരം കാണുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്.

## 18. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ

14.08.2009 ലെ 39286/3/09 തസ്വഭവ സർക്കുലർ പ്രകാരം ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനുമായി വർഷത്തിൽ ഒരിക്കൽ ഈ വിഭാഗത്തിൽപ്പെട്ട ഓരോ വ്യക്തിയുടെയും കുടുംബങ്ങളിൽ നിന്ന് ഒരാൾ എന്ന ക്രമത്തിൽ പ്രതിനിധികളെ ഉൾപ്പെടുത്തി ആസൂത്രണ ഗ്രാമസഭ ചേരുന്നതിന് മുമ്പായി സ്പെഷ്യൽ പൊതുസഭ കൂടുന്നതിനും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ചർച്ച ചെയ്യുന്നതിനും നിർദ്ദേശിച്ചിരുന്നു.

കൊല്ലം നഗരസഭ ഈ വിഭാഗത്തിൽ വരുന്നവരുടെ ഉന്നമനത്തെ ലക്ഷ്യമിട്ടുകൊണ്ട് വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആവശ്യമായഉപകരണങ്ങളുടെ വിതരണം,

**മാതൃകാ പരിപാടികൾ**

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ പരിസരങ്ങളിലെ പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെയുള്ള നടപടികൾ, ആശുപത്രി മാലിന്യങ്ങൾ പഞ്ചായത്ത് പ്രദേശത്ത് മറവു ചെയ്തതിനെതിരെയുള്ള നടപടികൾ തുടങ്ങി വിവിധ വിഷയങ്ങളിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. പെരുമ്പാവൂർ നഗരസഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടം, വിലയിരുത്തൽ എന്നിവ നടത്തുകയും ചെയ്യുന്നുണ്ട്.

LOCAL FUND AUDIT DEPARTMENT

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ എന്നിവ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. എന്നിരുന്നാലും ഈ വിഭാഗത്തിലുള്ള വ്യക്തികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനും ഇവരെ മുഖ്യധാരയിലേയ്ക്ക് ഒരു പരിധിവരെയെങ്കിലും ഉയർത്തികൊണ്ടുവരുന്നതിനും അവരുടെ പങ്കാളിത്തം പദ്ധതി രൂപീകരണവേളയിൽ ഉറപ്പാക്കുന്നതിനുമമായി സ്പെഷ്യൽ പൊതുസഭ വിളിച്ചു ചേർക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല.

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ നിർദ്ദേശങ്ങൾക്കായി കൂടിയ ഏതാനും ചില ഗ്രാമസഭായോഗങ്ങളിൽ വികലാംഗർക്കുള്ള ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചെങ്കിലും പ്രസ്തുത വിഭാഗക്കാർക്കായ യാതൊരു പദ്ധതിയും പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. 2011-12 വർഷം പൊതുസഭ വിളിച്ച് ചേർത്തിട്ടില്ല. അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ആദ്യമായി 12.08.12 നാണ് ഇത്തരത്തിലുള്ള പൊതുസഭ വിളിച്ചു ചേർത്തിട്ടുള്ളത്. 2012-17 പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി വികലാംഗക്ഷേമ കാര്യത്തിനുവേണ്ടി 5% ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. തൊഴിൽ ചെയ്യാൻ തയ്യാറായവരെ തെരഞ്ഞെടുക്കുക, കുട്ടികളുടെ പഠനത്തിന് സഹായ തുക വർദ്ധിപ്പിക്കുക, കാഴ്ചശക്തി ഇല്ലാത്തവർക്ക് ചികിത്സക്കും ശസ്ത്രക്രിയയ്ക്കുമായി ധനസഹായം നൽകുക, വികലാംഗർക്ക് മരുന്നു വാങ്ങുന്നതിന് സഹായം നൽകുക എന്നിവ പദ്ധതി നിർദ്ദേശങ്ങളാണ്.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ ഉൾപ്പെടുത്തി 2011-12 വർഷം 07.07.12 ന് 132 പേർ പങ്കെടുത്ത പ്രത്യേക വാർഡ്സഭ കൂടുകയും പങ്കെടുത്തവരിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്ത് തലശ്ശേരി നഗരസഭ മാതൃക കാട്ടി.

## 19. പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും

1998 ലെ കേരള പഞ്ചായത്ത് രാജ് (പൊതു കക്കൂസുകൾ, മൂത്രപ്പുരകൾ, കുളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും) ചട്ടങ്ങൾ പ്രകാരം ജനസാന്ദ്രതയുള്ള പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്നതമായ സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യാർത്ഥം പൊതു മൂത്രപ്പുരകളും പൊതു കുളിസ്ഥലങ്ങളും സ്ഥാപിക്കേണ്ടതും അവ ദിവസവും വൃത്തിയാക്കുകയും ശരിയായ നിലയിൽ സൂക്ഷിക്കേണ്ടതുമാണ്. പൊതു കുളിസ്ഥലങ്ങൾക്കും മൂത്രപ്പുരകൾക്കും ആവശ്യമുള്ള ശുദ്ധജലം പഞ്ചായത്ത് ലഭ്യമാക്കേണ്ടതും മലിനജലം ഒഴുക്കി കളയുന്നതിനാവശ്യമായ ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തുവാനും ചട്ടം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുശൗചാലയങ്ങളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് ശൗചാലയങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ല. നിർമ്മൽ പുരസ്കാരമായി 2009-10 വർഷം 5,00,000/-രൂപ ലഭിച്ചെങ്കിലും തുക ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

### 'ഇ-ടോയ്‌ലെറ്റ്'-ആസൂത്രണം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല

കൊല്ലം കോർപ്പറേഷന്റെ 2011-12 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷന്റെ തിരക്കേറിയ ഭാഗങ്ങളിൽ വികസനഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനായി വിഭാവനം ചെയ്ത പദ്ധതിയാണ് **'ഇ-ടോയ്‌ലെറ്റ് നിർമ്മാണം'.** നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 ഇ-ടോയ്‌ലെറ്റുകളാണ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടത്. ഏറം സയന്റിഫിക് സൊല്യൂഷൻസ് (പി ) ലിമിറ്റഡ് 'ഡിലൈറ്റ് ഇ-ടോയ്‌ലെറ്റ് ' എന്ന പേരിലാണ് ടോയ്‌ലെറ്റ് നിർമ്മിച്ചത്. ഇതിനായി വികസന ഫണ്ടിൽ നിന്നും 10,47,910/-രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ചിന്നക്കടയിലെ 2 ടോയ്‌ലെറ്റുകളുടെ പ്രവർത്തനം ആരംഭിച്ചുവങ്കിലും ഒരാഴ്ചക്കുള്ളിൽ തന്നെ അവ പ്രവർത്തന രഹിതമായി. ഇ-ടോയ്‌ലെറ്റുകൾ നന്നാക്കാനുള്ള നടപടികൾ കോർപ്പറേഷന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. കൂടാതെ ഇലക്ട്രോണിക് സംവിധാനം ഉപയോഗിച്ച് പ്രവർത്തിക്കുന്നതായതിനാൽ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് 'യൂസർ ഫ്രണ്ട്ലി ' അല്ല എന്നുള്ളതും ഇതിന്റെ പോരായ്മയാണ്.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു പൊതുശൗചാലയം മാത്രമാണുള്ളത്. പഞ്ചായത്ത് മാർക്കറ്റിനകത്തു സ്ഥിതി ചെയ്യുന്ന ശൗചലായത്തിന്റെ സ്ഥിതി ശോചനീയമാണ്. വേണ്ട മേൽനോട്ടവും സംരക്ഷണവുമില്ലാതെ ഈ ശൗചാലയം അങ്ങേയറ്റം വൃത്തിഹീനവും നാശോന്മുഖവുമായ നിലയിലാണ്. ഇവിടെപ്രാഥമിക ആവശ്യത്തിന് മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾ ഈ ശൗചാലയം ഉപയോഗിക്കാൻ നിർബന്ധിതരാകുകയാണ്. വൃത്തിഹീനമായ ഇത്തരം ശൗചാലയങ്ങൾ രോഗവാഹികളായ അണുക്കളുടെ കേന്ദ്രമായി മാറുകയും രോഗങ്ങൾ പടരുന്നതിന് കാരണമായിത്തീരുകയും ചെയ്യും.

LOCAL FUND AUDIT DEPARTMENT



ചങ്ങനാശ്ശേരി നഗരസഭയിൽ പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങളുടെ അവസ്ഥ ശോചനീയമാണ്. ചോർന്നൊലിക്കുന്നതും പൊട്ടിപ്പൊളിഞ്ഞതുമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ശൗചാലയങ്ങൾ ഭൂരിഭാഗവും ഉപഭോക്താക്കളിൽ നിന്നും പ്രതിഫലം കൈപ്പറ്റി പ്രവർത്തിപ്പിക്കുന്നവയാണെങ്കിലും അവ വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.നഗരസഭ വക ഫാത്തിമാപുരത്ത് ജനവാസ കേന്ദ്രത്തിലുള്ള കക്കൂസുകളുടെ സെപ്റ്റിക് ടാങ്ക് പൊട്ടിയൊഴുകി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ആവശ്യത്തിന് പൊതുടോയ്‌ലെറ്റുകൾ നഗരത്തിലില്ലാത്ത കൊച്ചി നഗരസഭയിൽ സ്കൂളിലും പൊതുജനങ്ങൾക്കുമായി ബയോ ടോയ്‌ലെറ്റ് സംവിധാനം സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് മാതൃകാപരമാണ്. നിരവധി പരിമിതികളാണ് നഗരസഭയ്ക്ക് മുന്നിൽ ഈ വിഷയവുമായി ബന്ധപ്പെട്ടുള്ളത്. അനുയോജ്യമായ സ്ഥല ലഭ്യതയാണ് ഇതിൽ പ്രധാനം.

കണ്ണൂർ ജില്ലയിലെ വേങ്ങാട് പഞ്ചായത്തിൽ രണ്ട് സ്ഥലത്താണ് പൊതുശൗചാലയങ്ങൾ ഉള്ളത്. ഒന്ന് പഞ്ചായത്തുവക ബസ്സ്റ്റാന്റിലും മറ്റൊന്ന് മമ്പറം ടൗണിലുമാണ് സ്ഥിതി ചെയ്യുന്നത്. ഈ ശൗചാലയങ്ങളുടെ നടത്തിപ്പിനായി പഞ്ചായത്ത് ശരാശരി 2000/- രൂപ പ്രതിമാസം ചെലവ് ചെയ്യുന്നത്. എങ്കിലും ശൗചാലയങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ശൗചാലയങ്ങളും അതിന്റെ പരിസരവും വൃത്തിഹീനമാണ്. ലക്ഷക്കണക്കിന് തുക ചെലവഴിച്ച് നിർമ്മിച്ച ശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നശിച്ചുകൊണ്ടിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ രണ്ട് പൊതുശൗചാലയങ്ങളിൽ കൊളപ്പയിലുള്ള ശൗചാലയം പൊതുജനങ്ങൾക്കായി നാളിതുവരെ തുറന്ന് കൊടുത്തിട്ടില്ല. ഈ ശൗചാലയത്തിൽ നിലവിൽ പഞ്ചായത്ത് തെരുവ് വിളക്കുകളും ഉപകരണങ്ങളും സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ലക്ഷക്കണക്കിന് തുക ചെലവഴിച്ച് നിർമ്മിച്ച ശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നശിക്കുന്ന സ്ഥിതിയാണ് പഞ്ചായത്തിലുള്ളത്.

കണ്ണൂർ നഗരസഭയിൽ അപര്യാപ്തമായ സ്ഥിതിയിലുള്ള രണ്ട് ശൗചാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിനു പുറമേ ബി.ഒ.ടി. ബസ് സ്റ്റാന്റിൽ ഒരു ശൗചാലയവുമാണ് പ്രവർത്തിക്കുന്നത്. വളരെയധികം ജനസാന്ദ്രതയുള്ള നഗരസഭയിൽ പൊതുജനങ്ങൾ കേന്ദ്രീകരിക്കുന്ന സ്റ്റേഡിയം കോംപ്ലക്സ്, സ്റ്റേഡിയം പവലിയൻ, മറ്റ് വ്യാപാരകേന്ദ്രങ്ങൾ എന്നിവയിലുണ്ടായിരുന്ന ശൗചാലയങ്ങൾ അടച്ചുപൂട്ടി. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 320, 321, 322, 323, 325 വകുപ്പുകൾ പ്രകാരം പൊതുജനങ്ങളുടെ ആരോഗ്യത്തിനും ശുചിത്വത്തിനും നിലകൊള്ളേണ്ട നിയമപരമായ ബാധ്യതയുള്ള നഗരസഭ പൊതു ശൗചാലയങ്ങളുടെ പരിപാലനത്തിന് വേണ്ട ശ്രദ്ധ കൊടുക്കുന്നില്ല. സ്റ്റേഡിയം കോംപ്ലക്സിനടുത്ത് പണമടച്ച് ഉപയോഗിച്ചുകൊണ്ടിരുന്ന ശൗചാലയ കെട്ടിടം ഉപയോഗശൂന്യമായത് നഗരസഭയുടെ കാര്യക്ഷമതക്കുറവാണ് സൂചിപ്പിക്കുന്നത്.

കാസറഗോഡ് ജില്ലയിലെ പുല്ലൂർ പെരിയഗ്രാമ പഞ്ചായത്തിലെ ലക്ഷംവീട് കോളനി, ഉദയനഗർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, പെരിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ 2010-11 വർഷത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 6,40,000/- രൂപയും, പഞ്ചായത്ത് വിഹിതം 99,249/- രൂപയും കൂടി ആകെ 7,39,249/- രൂപ ചെലവിട്ട് നിർമ്മിച്ച പൊതു ശൗചാലയങ്ങളിൽ ലക്ഷം വീട് കോളനിയിലെ ശൗചാലയം മാത്രമാണ് ഉപയോഗിക്കുന്നത്. പെരിയ കമ്മറ്റി കമ്മ്യൂണിറ്റി ഹാൾ, ഉദയനഗർ കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലെ ശൗചാലയങ്ങൾ വെള്ളം ലഭ്യമാക്കാത്തതുകൊണ്ട് ഉപയോഗിക്കാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുകയാണ്.

## 20. നിർമ്മൽ പുരസ്കാര തുകയുടെ വിനിയോഗം

സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2003 ലാണ് ഭാരതസർക്കാർ നിർമ്മൽ ഗ്രാമപുരസ്കാരം ഏർപ്പെടുത്തിയത്. ഗ്രാമപഞ്ചായത്തുകളെ കൂടാതെ ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾക്കും അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ 97% ഗ്രാമപഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്കാരം നാളിതുവരെ ലഭിച്ചിട്ടുണ്ട്. 2010 വരെ നിർമ്മൽ പുരസ്കാരം ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

| വർഷം | ജില്ലാപഞ്ചായത്ത് | ബ്ലോക്ക്പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 2005 | - | - | 1 |
| 2006 | - | - | 6 |
| 2007 | - | 6 | 219 |
| 2008 | 4 | 84 | 600 |
| 2009 | 2 | 15 | 43 |
| 2010 | - | 1 | 103 |
| **ആകെ** | **6** | **106** | **972** |

18.12.2009 ലെ ഐ.ഇ.സി/320/07സി ആർഡി നമ്പർ സർക്കുലർ പ്രകാരം നിർമ്മൽ ഗ്രാമപുരസ്കാര തുകയുടെ വിനിയോഗം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

അവാർഡ് തുകയുടെ വിനിയോഗത്തിന്റെ ഗതി മോണിട്ടറിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതും അവാർഡു തുകയുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടവും വിശദമായി ഡോക്യൂമെന്റ് ചെയ്യേണ്ടതുമാണെന്ന് സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പത്തംതിട്ടജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന് 01.02.10 നിർമ്മൽ പുരസ്കാരമായി ലഭിച്ച 5,00,000/- രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. 2011-12 വർഷം ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രസ്തുത തുക ഉൾപ്പെടുത്തി 13.74 ലക്ഷം രൂപ അടങ്കൽ ഉള്ള ഒരു പ്രോജക്ട് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഏറത്ത് ഗ്രാമപഞ്ചായത്തിന് ലഭിച്ച പുരസ്കാര തുകയും തനതു ഫണ്ടിൽ നിക്ഷേപിച്ച് വക മാറ്റി ചെലവഴിക്കുകയാണ് ചെയ്യുന്നത്.

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന് 2011-12 ൽ ലഭിച്ച തുകയും പാലക്കാട് ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന് 2009-10 വർഷം ലഭിച്ച നിർമ്മൽ പുരസ്കാര തുകയും ചെലവഴിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് നിർമ്മൽ പുരസ്കാര തുകയായി ലഭിച്ച തുക ഉപയോഗിച്ചുകൊണ്ട് കെട്ടാങ്ങൽ, ചാത്തമംഗലം എന്നീ അങ്ങാടികളിലായി പൊതു ടോയ്ലെറ്റുകളുള്ള ശുചിത്വ സമുച്ചയങ്ങൾ ഗ്രാമപഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ട്. എങ്കിലും വർഷങ്ങളായിട്ടും പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി തുറന്ന് കൊടുത്തിട്ടില്ല. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ചതും പൊതുജനങ്ങൾക്ക് ഏറ്റവും ഉപയോഗപ്പെടുന്നതുമായ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താതെ നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്.

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2008-09 വർഷത്തിൽ നിർമ്മൽ പുരസ്കാരമായി ലഭിച്ച 5 ലക്ഷം രൂപ മാലിന്യമുക്ത പദ്ധതി-പഞ്ചായത്ത് തലത്തിൽ റിക്കവറി സെന്റർ നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ മാലിന്യങ്ങൾ കൊണ്ടുപോയി പൊടിക്കുന്നതിന് പ്ലാസ്റ്റിക് ഷഡിംഗ് യൂണിറ് തുടങ്ങുന്നതിനുള്ള കെട്ടിടനിർമ്മാണത്തിനു വേണ്ടിയാണ് തുക ചെലവഴിച്ചത്.

## നിർമ്മൽ പുരസ്കാര തുക ചെലവഴിച്ചു നിർമ്മിച്ച നിഷ്ക്രിയ ആസ്തി

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2008-09 വർഷം നിർമ്മൽ പുരസ്കാരമായി ലഭിച്ച 5 ലക്ഷം രൂപ മാലിന്യമുക്ത പദ്ധതി-പഞ്ചായത്ത് തലത്തിൽ റിക്കവറി സെന്റർ നിർമ്മാണത്തിനായി ചെലവഴിച്ചു. പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിക്കുന്നതിന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് തുടങ്ങുന്നതിനുള്ള കെട്ടിട നിർമ്മാണത്തിന് വേണ്ടിയാണ് തുക ചെലവഴിച്ചത്. പ്രവൃത്തി 2011-12 വർഷത്തിൽ പൂർത്തീകരിച്ചു. നിർമ്മൽ പുരസ്കാരത്തുകയായ 5,00,000/-രൂപയും തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപയും ഉൾപ്പെടെ 6 ലക്ഷം രൂപയായിരുന്നു അടങ്കൽ. 5,51,818/-രൂപ ചെലവാക്കിയാണ് ഷ്രെഡിംഗ് യൂണിറ്റിന് ഷെഡ് നിർമ്മിച്ചത്.

പ്ലാസ്റ്റ് ഷ്രെഡിംഗ് യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ മെഷിനറികൾ വാങ്ങുന്നതിന് 2011-12 വർഷത്തിൽ 2 ലക്ഷം രൂപ പദ്ധതി വിഹിതവും 1.25 ലക്ഷം രൂപ കേന്ദ്രവിഹിതവുമായ പദ്ധതി തയ്യാറാക്കുകയും അംഗീകാരം

LOCAL FUND AUDIT DEPARTMENT

വാങ്ങുകയും ചെയ്തെങ്കിലും ഷെഡിന് സമീപം ഒരു അങ്കണവാടിയും, 2 കുടിവെള്ള പദ്ധതികളും ഉള്ളതിനാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കുകയും പദ്ധതി വിഹിതമായി വകയിരുത്തിയ 2 ലക്ഷം രൂപ ഇ.എം.എസ്. ഭവന പദ്ധതിയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.


നിഷ്ക്രിയ ആസ്തിയായ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്

പദ്ധതികൾ തയ്യാറാക്കുമ്പോൾ ആവശ്യമായ സാധ്യതാപഠനം, ഗ്രാമസഭയിൽ പദ്ധതിയെക്കുറിച്ചുള്ള ചർച്ച തുടങ്ങിയ കാര്യങ്ങൾ ആസൂത്രണഘട്ടത്തിൽ ചെയ്യാത്തതുകൊണ്ടാണ്, പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാതെ പദ്ധതി പരാജയപ്പെട്ടതും, നിർമ്മൽ പുരസ്കാര തുക ചെലവഴിച്ചു നിർമ്മിച്ച ആസ്തി നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നതും.

## 21. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ

സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 1% പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി കാണുന്ന ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി ജനസംഖ്യ താഴെ കൊടുക്കുന്നു.

ഇടുക്കി : 50973 ; വയനാട് : 136062 ; പാലക്കാട് : 39665

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാഥമിക പരിചരണം നൽകുന്നതിന് 13 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. 5 എണ്ണം വയനാട് ജില്ലയിലും, 2 വീതം ഇടുക്കി, പാലക്കാട് ജില്ലകളിലും ഓരോന്ന് വീതം കാസർഗോഡ്, മലപ്പുറം, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലും പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾ ഓരോ മാസവും ശരാശരി 20 മെഡിക്കൽ ക്യാമ്പുകൾ വീതം മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തി വരുന്നു. 2007-08 മുതൽ 2012-13 വരെ ആരോഗ്യപരിപാലന പദ്ധതികൾക്കായി നീക്കിവച്ച തുകയും ചെലവഴിച്ച തുകയും പട്ടികയായി ചേർക്കുന്നു.

രൂപ ലക്ഷത്തിൽ

| വർഷം | പ്ലാൻ | |
|---|---|---|
| | വിഹിതം | ചെലവ് |
| 2007-08 | 1217 | 1201.62 |
| 2008-09 | 170 | 116.11 |
| 2009-10 | 80 | 79.99 |
| 2010-11 | 125 | 125 |
| 2011-12 | 174.23 | 174.23 |
| 2012-13 (31.12.12) | 180 | 73.86 |

അവലംബം: എക്കണോമിക് റിവ്യൂ 2012

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എല്ലാവർഷവും പട്ടികവർഗ്ഗക്കാർക്കായി ട്രൈബൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു.'പട്ടികജാതി കോളനിയിലെ വൃദ്ധജനങ്ങൾക്കായി രോഗപ്രതിരോധ പ്രവർത്തനവും ആരോഗ്യസംരക്ഷണവും ' എന്ന പദ്ധതി 2011-12 ൽ നടപ്പാക്കി. ആരോഗ്യമേഖലയിൽ ജനറലായി നടപ്പിലാക്കുന്ന എല്ലാപദ്ധതികളുടെ ആനുകൂല്യവും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ട്.

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്ത് ആദിവാസിമേഖല കേന്ദ്രീകരിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള ഹീമോഗ്ലോബിൻ പരിശോധന നടത്തുന്നതിനായി കഴിഞ്ഞ 2 വർഷങ്ങളിൽ'പട്ടിക വർഗ്ഗ പെൺകുട്ടികൾക്ക് ഹീമോഗ്ലോബിൻ പരിശോധനാ ക്യാമ്പ്' എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട് പരിശോധനയിൽ ഹീമോഗ്ലോബിൻകുറവാണെന്ന് കണ്ടെത്തിയ കുട്ടികൾക്ക് മരുന്ന് വിതരണവും നടത്തിയിട്ടുണ്ട്. മേലേ ധോണി, അംബേദ്കർ കോളനി എന്നിവിടങ്ങളിൽ നടത്തിയ ക്യാമ്പിൽ 105 പേരുടെ ഹീമോഗ്ലോബിൻ പരിശോധന നടത്തുകയും, ആരോഗ്യപോഷണവിദ്യാഭ്യാസ ക്യാമ്പ് സംഘടിപ്പിക്കുകയും ഉണ്ടായി.

പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ധാരാളമായി അധിവസിക്കുന്ന വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ഈ വിഭാഗങ്ങൾക്കായി ആരോഗ്യമേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടില്ല. 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലായി ആകെ 25000/-രൂപ ചെലവിൽ മരുന്നു വിതരണവും രോഗപരിശോധനയും മാത്രമാണ് നടത്തിയത്.

LOCAL FUND AUDIT DEPARTMENT

## 22. സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആയുർവേദ/അലോപ്പതി ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് പണം മുൻകൂർ നൽകിയിട്ടും യഥാസമയം മരുന്ന് വിതരണം ചെയ്യുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 53981/ഡി.പി.1/06/27.02.08 13160/ഡി.എ.1/2010/തീയതി 28.11.10 എന്നിവ പ്രകാരം മരുന്ന് വാങ്ങാൻ 'ഔഷധിക്ക്' പണം മുൻകൂറായി നൽകുമ്പോൾ അവർ 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യണമെന്ന് വ്യവസ്ഥപ്പെടുത്തി പ്രസ്തുത സ്ഥാപനവുമായി കരാർ ചമയ്ക്കണമെന്നും സമയപരിധി പാലിക്കാത്തപക്ഷം ഔഷധിയിൽ നിന്നു നഷ്ടപരിഹാരം ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011-12 ലെ പദ്ധതിപ്രകാരം നാളിതുവരെ മരുന്നു നൽകുകയോ നിയമാനുസൃത നഷ്ടപരിഹാരത്തോടെ/പലിശയോടെ തുക മടക്കി നൽകുകയോ ചെയ്യാത്ത സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം | തദ്ദേശസ്വയംഭരണ സ്ഥാപനം | മരുന്ന് ലഭ്യമാക്കിയ സ്ഥാപനം | മരുന്ന് ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് നൽകിയ തുക | ലഭ്യമാക്കിയ മരുന്നുകളുടെ വില | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| 1 | ആനാട് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) | കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡ് | 37670 | - | 37670 |
| 2 | മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് (കോട്ടയം) | ഔഷധി | 62821 | 50657 | 35153 |
| 3 | തൃശ്ശൂർ കോർപ്പറേഷൻ | ഔഷധി | 2712000 | 1036440 | 1675560 |
| 4 | എടവണ്ണ ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല) | കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡ് | 214010 (2010-11, 2011-12 വർഷങ്ങളിലായി) | 46938 | 167072 |
| 5 | വടകര നഗരസഭ | ഔഷധി | 800000 | 724798 | 75202 |
| 6 | ഓമശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല | കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡ് | 38000 | 33617 | |
| | | ഔഷധി | 200000 | 33190 | |

LOCAL FUND AUDIT DEPARTMENT

## 23. കെ.എം.എം.എൽ മുഖേനയുള്ള ആരോഗ്യപ്രശ്നങ്ങൾ

കൊല്ലം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന തീരദേശ ഗ്രാമപഞ്ചായത്തായ പന്മന അത്യപൂർവ്വ ധാതുക്കളാൽ സമൃദ്ധമായ കരിമണലിന് പേരുകേട്ട പ്രദേശമാണ്. ധാതുമണൽ ഖനനവും, സംസ്ക്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ) ഈ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. 1932 ൽ സ്വകാര്യ മേഖലയിൽ ആരംഭിച്ച ഈ സ്ഥാപനം 1956 ൽ സർക്കാർ ഏറ്റെടുക്കുകയും 1972 മുതൽ പബ്ലിക് ലിമിറ്റഡ് കമ്പനി ആകുകയും ചെയ്തു.

തീരദേശഭാഗത്ത് നിന്ന് ഖനനം ചെയ്യുന്ന കരിമണലിൽ നിന്ന് ഇൽമനൈറ്റ്, റൂട്ടൈൽ, സ്യൂക്ലോൺ, മോണോസൈറ്റ്, സിലിമിനൈറ്റ് തുടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ് കെ.എം.എം.എല്ലിന്റെ മിനറൽ സെപറേഷൻ യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ഇൽമനൈറ്റിൽ നിന്ന് അയൺ ഉൾപ്പെടെയുള്ള ഘടകങ്ങൾ വേർതിരിക്കുന്നത് പലതരത്തിലുള്ള രാസപ്രക്രിയയിലൂടെയാണ്. ക്ലോറൈഡ് പ്രക്രിയയിലൂടെ റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്ന ഇന്ത്യയിലെ ഏകസ്ഥാപനമാണ് കെ.എം.എം.എൽ.

ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റിൽ നിന്ന് ക്ലോറിനേഷൻ പ്രക്രിയയിലൂടെ ടൈറ്റാനിയം ടെട്രാക്ലോറൈഡ് സംസ്ക്കരിക്കുന്ന പ്രക്രിയയാണ് കെ.എം.എം.എൽ ന്റെ പ്രൊഡക്ഷൻ പിഗ്മെന്റ് യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ടൈറ്റാനിയം ഡയോക്സൈഡിന്റെ തരംതിരിക്കലിനും സംസ്ക്കരണത്തിനുമായി ട്രീറ്റ്മെന്റ് & ഫിനിഷിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നു.

ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന രാസപദാർത്ഥങ്ങൾ, തീരദേശത്ത് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ,

### പി.എച്ച്.സി.യുടേയും സി.എച്ച്.സി.യുടെയും ഏകോപനത്തിന് തടസ്സങ്ങൾ

പഞ്ചായത്ത് രാജ് നിയമം 172(1)-ാം വകുപ്പ് 4-ാം പട്ടിക പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണ്. പ്രൈമറി ഹെൽത്ത് സെന്ററുകൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ മാത്രമേ ജി.ഒ(ആർ.ടി) 1445/09/തസ്വഭവ 17.06.2009 ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർമാരെ നിർവ്വഹണമേൽപ്പിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുകയുള്ളൂ. മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 22 വാർഡുകളിൽ 6 വാർഡുകളാണ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പരിധിയിലുള്ളത്. ഭൂരിപക്ഷം വാർഡുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിലായിട്ടും ഗ്രാമപഞ്ചായത്തിന് പ്രോജക്ടുകൾ സി.എച്ച്.സി.യെ ഏൽപ്പിക്കാനാകുന്നില്ല. അതേ സമയം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ മറ്റ് മൂന്ന് സി.എച്ച്.സി.കൾ കൂടി ഉള്ളതിനാൽ ബ്ലോക്ക് പഞ്ചായത്തിനെ ആരോഗ്യമേഖലയിലെ പ്രോജക്ടുകൾക്ക് നീക്കിവയ്ക്കുന്ന തുകകൾ വീതിക്കപ്പെടുന്നതുമൂലം കുറഞ്ഞ തുകയേ എടവണ്ണ സി.എച്ച്.സി.ക്ക് ലഭിക്കുന്നുള്ളൂ.

മഴക്കാലരോഗങ്ങൾ എന്നിവയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ . കരിമണൽ ഖനനവും സംസ്ക്കരണവുമായ ബന്ധപ്പെട്ട് ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന സാഹചര്യങ്ങളും സൂചനകളും പരിശോധനയിൽ കണ്ടെത്തി.

ഉയർന്ന സ്വഭാവിക റേഡിയേഷൻ ഉള്ള പ്രദേശമാണ് 25 കിലോമീറ്റർ ദൈർഘ്യമുള്ള നീണ്ടകര-ചവറ-ശങ്കരമംഗലം തീരദേശമേഖല. മോണോസൈറ്റ് നിക്ഷേപത്താൽ സമ്പുഷ്ടമാണ് ഇവിടത്തെ കരിമണൽ. തോറിയം, യുറേനിയം, റൂട്ടൈൽ, സിലിമനൈറ്റ്, സിർക്കോൺ, ടൈറ്റാനിയം തുടങ്ങിയ അപൂർവ്വധാതുക്കൾ ഉൾക്കൊള്ളുന്നതാണ് അത്യപൂർവ്വമായ ഈ മോണോസൈറ്റ് നിക്ഷേപം.

പരമാവധി absorver dose of radiation 5.0 msv a-1 ആണ്. എന്നാൽ ഈ പ്രദേശത്ത് ഇന്ന് 35 msv a-1ആണ്. ഈ മേഖലയിലെ mean annual lack ground radiation 550 m rad/year (Range 240-3500 MR) ആണ്. സാധാരണ പ്രദേശങ്ങളിൽ ഇത് 100 m Rad/year മാത്രമാണ്.

കെ.എം.എം.എൽ.ന്റെ വിവിധ പ്ലാന്റുകളിൽ നടക്കുന്ന സംസ്ക്കരണ പ്രക്രിയയിലൂടെ പലതരം ക്ലോറൈഡുകളും അയണുമൊക്കെ പുറത്തേയ്ക്ക് തള്ളുന്നുണ്ട്. സംസ്ക്കരണ പ്രക്രിയയ്ക്ക് ശേഷമുള്ള മലിനജലം കെ.എം.എം.എൽ.ന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പ്രത്യേക കനാൽ വഴി അറബിക്കടലിലേയ്ക്ക് ഒഴുക്കി വിടുകയാണ്. ഈ ജലത്തിന് ചുവപ്പ് നിറം ആണ്. ഈ ജലം സമീപത്തുള്ള വലിയ പറമ്പുകളിൽ കെട്ടി നിൽക്കുന്നതായും കണ്ടു.

കെ.എം.എം.എൽ-ന് ചുറ്റുമുള്ള വീടുകളിലെ കിണറുകളിലും മറ്റ് ജലാശയങ്ങളിലും വെള്ളത്തിന് ചുവപ്പ് നിറമാണ്. കുടിക്കുവാനോ, മറ്റ് ആവശ്യങ്ങൾക്കോ ജനങ്ങൾ ഈ ജലം ഉപയോഗിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതിയിലൂടെ എത്തിക്കുന്ന ജലമാണ് ജനങ്ങളുടെ ആശ്രയം. കമ്പനി കോമ്പൗണ്ടിനുള്ളിൽ ടാങ്കിൽ രാസമാലിന്യം സംഭരിക്കുന്നുണ്ട്. എങ്കിലും ഇപ്പോഴും ഇത് പുറത്തേയ്ക്ക് ഒഴുക്കി വിടാറുണ്ട്.

LOCAL FUND AUDIT DEPARTMENT

## 3.3.7. നിഗമനങ്ങൾ

❖ ആരോഗ്യമേഖല സംബന്ധിച്ച കൃത്യമായ സ്ഥിതി വിവരക്കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല.

❖ ആരോഗ്യമേഖലയിൽ സമഗ്ര പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല.

❖ സേവനമേഖലയിലെ ആകെ ചെലവിന്റെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ആരോഗ്യ മേഖലയിൽ ചെലവഴിച്ചിരിക്കുന്നത്.

❖ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ശോചനീയമാണ്. ഭൂരിഭാഗം ആശുപത്രികളിലും കുടിവെള്ളം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.

❖ സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

❖ ആശുപത്രി മാനേജിംഗ് കമ്മറ്റികൾ നിർജ്ജീവമാണ്. ആശുപത്രികളുടെ പ്രവർത്തനത്തിൽ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകുന്നില്ല. വാർഷിക വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

❖ കർമ്മസമിതി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മേൽ രണ്ടു വിഭാഗങ്ങളും മേഖലയെകുറിച്ച് സമഗ്രപഠനം നടത്തി പോരായ്മകൾ പരിഹരിക്കുന്നില്ല.

❖ എൻ.ആർ.എച്ച്.എം, ആയുഷ് പ്രോജക്ടുകളുടെ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപനമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇതുമൂലം പ്രസ്തുത പദ്ധതികളുടെ പൂർണ്ണമായ ഗുണഫലം ജനങ്ങൾക്ക് ലഭ്യമാകുന്നില്ല.

❖ പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങളുടെ സ്ഥാപനവും പ്രവർത്തനവും തൃപ്തികരമല്ല

LOCAL FUND AUDIT DEPARTMENT

## 3.3.8. ശുപാർശകൾ

- ആരോഗ്യമേഖലയെ സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതാണ്.
- ആശുപത്രികൾ/ഡിസ്പെസറികളുടെയും സബ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
- പദ്ധതികൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് മോണിട്ടറിംഗ് കാര്യക്ഷമമാക്കണം.
- പകർച്ചവ്യാധികളും, നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും നിയന്ത്രിക്കുന്നതിനായി പരിസര ശുചിത്വം പാലിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.
- ജീവിതശൈലീരോഗങ്ങൾക്കെതിരായ ബോധവൽക്കരണം ആരോഗ്യനയത്തിന്റെ ഭാഗമാക്കണം.
- പകർച്ചവ്യാധികളെ നിയന്ത്രിക്കുവാൻ ആരോഗ്യ വകുപ്പിനൊപ്പം വിവിധ വകുപ്പുകളെ ഏകോപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തണം.
- അന്യദേശക്കാരായ തൊഴിലാളികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്.
- ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
- ആദിവാസിമേഖല കേന്ദ്രീകരിച്ച് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം.
- ശുചിത്വസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർമ്മൽ പുരസ്കാര തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കണം.

LOCAL FUND AUDIT DEPARTMENT

LOCAL FUND AUDIT DEPARTMENT

# 3.4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## പ്രവർത്തനക്ഷമതാ റിപ്പോർട്ട്

LOCAL FUND AUDIT DEPARTMENT

ഭാരതത്തിന്റെ ഗ്രാമീണമേഖലയിൽ സമൂലമായ മാറ്റങ്ങൾക്കു വഴിവെച്ച വേറിട്ട സംരംഭമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ഗ്രാമീണ ജനതയ്ക്ക് നൂറ് ദിവസത്തെ ഉറപ്പായ തൊഴിൽ ദിനങ്ങൾ നൽകുക വഴി ഗ്രാമങ്ങളുടെ സാമ്പത്തികവും, സാമൂഹികവുമയ ഉന്നമനമാണ് തൊഴിലുറപ്പ് പദ്ധതി ലക്ഷ്യമിട്ടത്. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നുള്ള രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സന്ദേശത്തെ അർഹമായ പ്രാധാന്യത്തോടെ നോക്കിക്കാണാൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇടയാക്കിയിട്ടുണ്ട്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം എത്രത്തോളം കാര്യക്ഷമമായി നടത്തപ്പെടുന്നു എന്നുള്ള പഠനറിപ്പോർട്ടാണിത്.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായവരിൽ വളരെക്കുറച്ച് പേർക്ക് മാത്രമാണ് 100 ദിവസവും തൊഴിൽ ലഭിച്ചതെന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലും മതിയായ ജനപങ്കാളിത്തമില്ല. സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കാനുതകുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കാത്തതും, വേതന വിതരണത്തിലെ കാലതാമസവും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ തകർക്കാൻ ഇടയാക്കുന്നു. വ്യാപകമായ പ്രചാരണത്തിലൂടെ അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളേയും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. യാഥാർത്ഥ്യബോധത്തോടെയുള്ള ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മപദ്ധതി എന്നിവയും തയ്യാറാക്കേണ്ടതാണ്.

| വിഷയവിവരം | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | 3.4.1 | 163 |
| ഓഡിറ്റ് മാനദണ്ഡങ്ങൾ | 3.4.2 | 165 |
| ഓഡിറ്റിന്റെ രീതി, വ്യാപ്തി | 3.4.3 | 166 |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 3.4.4 | 166 |
| **ഓഡിറ്റ് കണ്ടെത്തലുകൾ** | 3.4.5 | 167 |
| തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണ സംവിധാനം | 3.4.5.1 | 167 |
| ലേബർ ബഡ്ജറ്റും, വാർഷിക കർമ്മപരിപാടിയും | 3.4.5.2 | 169 |
| ഗ്രാമസഭകളുടെ പ്രവർത്തനം | 3.4.5.3 | 172 |
| എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ | 3.4.5.4 | 174 |
| നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിൽ വീഴ്ച | 3.4.5.5 | 175 |
| തൊഴിലുപകരണങ്ങൾ | 3.4.5.6 | 178 |
| കുടുംബശ്രീ സംവിധാനത്തിന്റെ പങ്കാളിത്തം | 3.4.5.7 | 180 |
| തൊഴിൽ സ്ഥലത്തെ ബോർഡ് | 3.4.5.8 | 182 |
| മസ്റ്റർ റോൾ | 3.4.5.9 | 182 |
| വേതനവിതരണം | 3.4.5.10 | 184 |
| സൃഷ്ടിക്കപ്പെട്ട ആസ്തികൾ | 3.4.5.11 | 188 |
| രേഖകളുടെയും, രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് | 3.4.5.12 | 189 |
| ജാഗ്രതാ മേൽനോട്ടകമ്മിറ്റികൾ | 3.4.5.13 | 191 |
| സോഷ്യൽ ഓഡിറ്റ് | 3.4.5.14 | 192 |
| **നിഗമനങ്ങൾ** | 3.4.6 | 195 |
| **ശുപാർശകൾ** | 3.4.7 | 196 |


LOCAL FUND AUDIT DEPARTMENT

## 3.4.1. ആമുഖം

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ 56-ാം വാർഷികത്തിലാണ് 'ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് നിയമം 2005 'പാർലമെന്റ് 07.05.05 ൽ പാസ്സാക്കിയത്. അവിദഗ്ധ കായിക ജോലികൾ ചെയ്യുവാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും പ്രതിവർഷം കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്ന ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 90 :10 എന്ന അനുപാതത്തിൽ വഹിക്കുന്നു.



മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെ വ്യത്യസ്തമാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലുമുള്ള നേതൃത്വപരമായ പങ്കാണ്. സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും, പ്രത്യേകിച്ച് തൊഴിലാളികളെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിനുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബാദ്ധ്യത തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രോജക്ടുകൾ നിശ്ചയിക്കുന്നത് ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 50:30:20 എന്ന അനുപാതത്തിലാണെങ്കിലും പദ്ധതി നിർവ്വഹണത്തിന്റെ പൂർണ്ണ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പുറമേ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവരെയും നിർവ്വഹണത്തിനും നടത്തിപ്പിനും ഉപയോഗിക്കാവുന്നതാണ്.

2005 ൽ പാർലമെന്റ് പാസ്സാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് 2006 ഫെബ്രുവരി 2-ന് രാജ്യത്തെ 200 ജില്ലകളിലാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കിയത്. ഈ പദ്ധതിക്കായി കേരളത്തിൽ നിന്ന് പാലക്കാട്, വയനാട് ജില്ലകളെയാണ് തെരഞ്ഞെടുത്തത്. പ്രസ്തുത ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 31.01.06 ലെ (എം.എസ്)45/2006/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചു. 01.04.07 മുതൽ ഇടുക്കി, കാസർഗോഡ് ജില്ലകളിലേക്കു കൂടി വ്യാപിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. 01.04.2008 മുതൽ കേരളത്തിലെ എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചു.

തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കാനും തൊഴിലന്വേഷകരുടെ അലച്ചിൽ കുറയ്ക്കാനും കൃഷി സ്ഥലത്തിന്റെ വ്യാപ്തി കൂട്ടാനും ജലസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും തൊഴിലുറപ്പു പദ്ധതി കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ തൊഴിൽ അവകാശത്തിന് മുൻഗണന നൽകുന്ന ഈ നിയമം സ്ത്രീക്കും പുരുഷനും തുല്യ ജോലിക്ക് തുല്യവേതനം ഉറപ്പാക്കുന്നു. ദാരിദ്ര്യത്തിനിടയാക്കുന്ന ഭൂമി ശാസ്ത്രപരമായ പ്രശ്നങ്ങളെ കണ്ടെത്തി പരിഹാരം കാണുന്നതിനും പ്രകൃതി വിഭവ പരിരക്ഷണത്തിനും പ്രത്യേക പരിഗണന നൽകുന്നു. പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമമായ അക്കൗണ്ടബിലിറ്റി സംവിധാനവും സുതാര്യതയും ഉറപ്പാക്കുന്നുണ്ട്.

LOCAL FUND AUDIT DEPARTMENT

ജനകീയ സംഘടനാ സംവിധാനങ്ങൾക്ക് സാമൂഹ്യ ഓഡിറ്റിംഗിനുള്ള അവസരവും ലഭിക്കുന്നുണ്ട്. ഇടത്തരക്കാരുടെയും കരാറുകാരുടെയും ചൂഷണത്തിൽ നിന്നും തൊഴിലാളികളെയും പ്രാദേശിക വികസനത്തെയും മോചിപ്പിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനകം തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകണമെന്നത് പദ്ധതിയുടെ പ്രത്യേകതയാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് എത്ര തുക വേണമെങ്കിലും ലഭിക്കും. പദ്ധതി ആസൂത്രണം, പണം ചെലവഴിക്കൽ, മോണിറ്ററിംഗ് തുടങ്ങിയ ബാധ്യതകൾ മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്കുള്ളത്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 13(1)-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായവയിൽ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമസഭകൾ നിശ്ചയിക്കുന്നത് പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളുടെ ഒരു 'ഷെൽഫ് ഓഫ് പ്രോജക്ട്സ് ' തയ്യാറാക്കുക. അതിൽ നിന്നും വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് അയച്ചുകൊടുക്കുക.
2. ഗ്രാമപഞ്ചായത്തുപരിധിയിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ ഏകദേശ ചെലവും പ്രാവർത്തികമാക്കുന്നതിനുള്ള സമയക്രമവും നിശ്ചയിക്കുക.
3 തൊഴിൽ അവസരങ്ങളും തൊഴിൽ ആവശ്യകതയും തമ്മിൽ പൊരുത്തപ്പെടുത്തുക.
4 ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന എല്ലാ കുടുംബങ്ങളിലെയും തൊഴിലിന് അർഹരായ, പ്രായപൂർത്തിയായവരെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കുക.
5. അപേക്ഷകളുടെ പരിശോധന നടത്തി തൊഴിൽ കാർഡുകളുടെ വിതരണം നടത്തുക.
6. തൊഴിലാളികൾ ജോലിക്ക് ഹാജരാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
7. പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ പട്ടിക, പരിപാടികളുടെ സമയക്രമം, രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ പട്ടിക എന്നിവ പ്രസിദ്ധീകരിക്കുക.
8. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി ഒരു ദേശസാൽകൃത ബാങ്കിൽ പ്രത്യേകം ആരംഭിക്കുന്ന അക്കൗണ്ട് വഴി പദ്ധതിക്കുള്ള ഫണ്ട് കൈകാര്യം ചെയ്യുക.
9. വാർഡ് തലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതി നിർവ്വഹണത്തിലെ മേൽനോട്ടവും മോണിറ്ററിംഗും നടത്തുക.
10. പദ്ധതി പ്രകാരമുള്ള തൊഴിൽ വേതന വിതരണവും/തൊഴിലില്ലായ്മ വേതന വിതരണവും നടത്തുക.
11. പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ/മസ്റ്റർറോൾ/കുടുംബ തൊഴിൽ കാർഡ്/ഓരോ വ്യക്തിക്കും നൽകിയ തൊഴിൽ അവസരങ്ങളുടെ വിവരങ്ങൾ മുതലായ വിശദാംശങ്ങൾ സൂക്ഷിക്കുക.

വരൾച്ച, മണ്ണൊലിപ്പ് എന്നിവമൂലമുണ്ടാകുന്ന ജൈവ സമ്പത്തിന്റെ ശോഷണം തടഞ്ഞ് പരിസ്ഥിതി പുനഃസ്ഥാപനത്തിന് അനുയോജ്യമായ വിധത്തിലുള്ള പ്രവൃത്തികളാണ് പ്രധാനമായും തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ടത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം തൊഴിൽ നൽകുന്നതിനൊപ്പം സാമൂഹ്യ ആസ്തികളും സൃഷ്ടിക്കുക എന്നതാണ്. ഈ പദ്ധതിയിൻകീഴിൽ കോൺട്രാക്ടർമാരെയും ജോലി ലാഭിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതും വിലക്കിയിരിക്കുന്നു.

ജലസംരക്ഷണത്തിനും ഭൂവികസനത്തിനുമാണ് പദ്ധതി പ്രാഥമിക പരിഗണന നൽകുന്നത്. ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.



1. ജലസംരക്ഷണവും മഴവെള്ളക്കൊയ്ത്തും.
2. വനസംരക്ഷണവും മരംവച്ചു പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും.
3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ

LOCAL FUND AUDIT DEPARTMENT

4. പട്ടികജാതി-പട്ടികവർഗ്ഗകുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ജലസേചന സൗകര്യങ്ങൾ.

5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുളുടെ പുനർ നിർമ്മാണം.

6. ഭൂവികസനം

7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നത് ഉൾപ്പെടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും.


8. ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏത് കാലാവസ്ഥയിലും ഉപയോഗ യോഗ്യമായ റോഡുകളുടെ നിർമ്മാണം.

9. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു ജോലിയും.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി സുശക്തമായ ഒരു സംഘടനാസംവിധാനം നിലവിലുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ കളക്ടറെ ജില്ലാ പ്രോഗ്രാം കോ-ഓഡിനേറ്ററായും, ജില്ലാ പ്രോഗ്രാം കോ-ഓഡിനേറ്ററുകളുടെ ചുമതലകളിൽ കളക്ടറെ സഹായിക്കാനായി ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർക്ക് ജോയിന്റ് പ്രോഗ്രാം കോ-ഓഡിനേറ്ററായും ചുമതല നൽകിയിട്ടുണ്ട്. ബ്ലോക്ക്തലത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ പോഗ്രാം ഓഫീസറായും ഗ്രാമപഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് സെക്രട്ടറിയെ രജിസ്ട്രേഷൻ ഓഫീസറായും ചുമതലപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത്-ബ്ലോക്ക് തലങ്ങളിൽ അക്രെഡിറ്റഡ് എഞ്ചിനീയർ ഓവർസീയറുടെയും, ഡേറ്റാ എൻട്രി-കം-അക്കൗണ്ടന്റിന്റെയും സേവനം പദ്ധതിയുടെ നടത്തിപ്പിനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജോയിന്റ് പ്രോഗ്രാം കോ-ഓഡിനേറ്ററുടെ ഓഫീസിലും അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്ററെ പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിന് നിയമിച്ചിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT




## 3.4.2. ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ച ഉത്തരവുകൾ/സർക്കുലറുകൾ.

3. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള നീർത്തട വികസന മാസ്റ്റർ പ്ലാനുകൾ

4. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി രേഖകൾ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖകൾ എന്നിവ.

### വേതന നിരക്ക്

പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന മിനിമം നിരക്ക് കൂലി യായി ലഭിക്കും. പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഇത് 125 രൂപയായിരുന്നത് കേന്ദ്രസർക്കാറിന്റെ 14.01.11 ലെ എസ്.ഒ 82(ഇ) നമ്പർ വിജ്ഞാപനമനുസരിച്ച് 150 രൂപയായും 23.03.12 ലെ സ.ഉ(578)(ഇ) നമ്പർ വിജ്ഞാപനമനുസരിച്ച് 01.04.12 മുതൽ 164 രൂപയായും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ വേതന നിരക്ക് 180/- രൂപയാണ്.(എസ്.ഒ.463(ഇ) തീയതി 26.02.13 ഗ്രാമവികസന വകുപ്പ്, ഭാരത സർക്കാർ)

### പ്രവൃത്തി സമയം

പദ്ധതിയിലെ പ്രവൃത്തി സമയം 16.08.12 ലെ 223/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ (വിശ്രമം ഉൾപ്പെടെ) നിശ്ചയിച്ചിട്ടുണ്ട്. ഇതിനു മുമ്പ് രാവിലെ 8 മുതൽ 5 മണി വരെയായിരുന്നു പ്രവൃത്തി സമയം.

## 3.4.3. ഓഡിറ്റിന്റെ വ്യാപ്തി

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 14 ജില്ലകളി ലേയും തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തി.

വിവിധ പഞ്ചായത്തുകളിൽ 2012 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ നടത്തിയ പ്രവർത്തനക്ഷമതാ പരിശോധനയ്ക്ക് പുറമെ ഫീൽഡ് സന്ദർശനത്തിലൂടെയും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ റിപ്പോർട്ടു കൾ, വിവിധ വെബ്സൈറ്റുകൾ എന്നിവയിലൂടെയും വിവരശേഖരണം നടത്തിയിട്ടുണ്ട്. പ്രവർത്തനക്ഷമതാ പരിശോ [ \ b y vh n[ b am n b {Kma} © n b- pl Ä **അനുബന്ധം- 9** ൽ നൽകിയിരിക്കുന്നു.

## 3.4.4. ഓഡിറ്റ് ലക്ഷ്യങ്ങൾ

ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയതിൽ കേന്ദ്ര തൊഴിലുറപ്പ് നിയമം, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉത്തരവുകളിലൂടെ നൽകിയ നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി പാലിച്ചിട്ടുണ്ടോ എന്നാണ് ഈ പ്രവർത്ത നാവലോകനത്തിലൂടെ പരിശോധിച്ചത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന വിഷയത്തിലെ പ്രവർത്തനാവലോകനത്തിന്റെ ഓഡിറ്റ് ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. തൊഴിലുറപ്പ് പദ്ധതിയിൽ അപേക്ഷ സ്വീകരിക്കലും തൊഴിൽ കാർഡ് വിതരണവും തൊഴിൽ ലഭ്യമാക്കലും നിയമവും ഉത്തരവുകളും നിർദ്ദേശിക്കുന്ന പ്രകാരമായിരുന്നോ എന്ന് പരിശോധിക്കൽ.
2. ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും ശരിയായ രീതിയിൽ തയ്യാറാക്കിയിരുന്നോ എന്നും ആയവ യഥാർത്ഥ പദ്ധതി നിർവ്വഹണവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നും പരിശോധിക്കൽ
3. തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിൽ ഗ്രാമസഭകളുടെ പങ്കാളിത്തം ഫലപ്രദമായിരുന്നോ എന്ന് വിലയിരുത്തുക.
4. തൊഴിലുറപ്പ് പദ്ധതി പ്രകാരം നടക്കുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സർക്കാർ നിർദ്ദേശം അനുസരിച്ചായിരുന്നോ എന്ന് പരിശോധിക്കുക.
5. നീർത്തടാധിഷ്ഠിത വികസനം ഉറപ്പുവരുത്താൻ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക.
6. തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കൽ, വാടകയ്ക്ക് നൽകൽ തുടങ്ങിയവ മാർഗ്ഗരേഖ പ്രകാരമായിരുന്നോ എന്ന് പരിശോധിക്കുക.
7. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ കുടുംബശ്രീ സംവിധാനം ഫലപ്രദമായി പങ്കാളിത്തം വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.
8. തൊഴിലുറപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട് മസ്റ്റർറോൾ തയ്യാറാക്കൽ, വേതന വിതരണം എന്നിവ ക്രമപ്രകാരമാണോ എന്ന് പരിശോധിക്കുക. സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക എന്ന തൊഴിലുറപ്പ് പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിക്കുക.
9. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും തൃപ്തികരമായി സൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.ജാഗ്രതാ മേൽനോട്ട സമിതികളുടെ പ്രവർത്തനവും സോഷ്യൽ ഓഡിറ്റ് സംവിധാനവും കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

LOCAL FUND AUDIT DEPARTMENT

# 3.4.5. ഓഡിറ്റ് കണ്ടെത്തലുകൾ

## 1. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ സംവിധാനം

**രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും**

ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസിക്കുന്ന കായിക അദ്ധ്വാനത്തിന് സന്നദ്ധരായ ഏതൊരു കുടുംബത്തിനും തൊഴിൽ കാർഡിന് അപേക്ഷിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ ഫ്രണ്ട് ഓഫീസ് വഴി സ്വീകരിക്കേണ്ടതും, കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്. തുടർന്ന് പ്രസ്തുത അപേക്ഷകളിന്മേൽ അന്വേഷണം നടത്തി രണ്ടാഴ്ചക്കകം തൊഴിൽ കാർഡ് നൽകേണ്ടതാണ്. സ്ഥലവാസികളല്ലാത്തവർ, പ്രായപൂർത്തിയാകാത്തവർ തുടങ്ങിയവർക്ക് തൊഴിൽ കാർഡ് അനുവദിച്ച് നൽകാൻ പാടുള്ളതല്ല. വിതരണം ചെയ്യുന്ന തൊഴിൽ കാർഡുകളുടെ ഫോട്ടോകോപ്പി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. തൊഴിൽ കാർഡിലെ എല്ലാ വിവരങ്ങളും തൊഴിൽ കാർഡു വിതരണ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. തൊഴിൽ രജിസ്ട്രേഷനുള്ള സൗകര്യം വർഷം മുഴുവനും ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കേണ്ടതാണ്. രജിസ്ട്രേഷന് ശേഷം രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ വിശദവിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.







ഓഡിറ്റ് നടത്തിയ ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും തൊഴിൽ രജിസ്ട്രേഷന് നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നതിലും തൊഴിൽ കാർഡ് അനുവദിച്ചു നൽകുന്നതിലെ സമയപരിധി പാലിക്കുന്നതിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ ചുരുക്കം ചില പഞ്ചായത്തുകൾ ഇതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | കണ്ടെത്തിയ അപാകത |
|---|---|---|---|
| 1 | പത്തനംതിട്ട | വടശ്ശേരിക്കര | തൊഴിൽ ആവശ്യപ്പെട്ട് രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്കെല്ലാം തൊഴിൽ കാർഡ് നൽകിയിട്ടില്ല. ഉദാ: 2008-09 വർഷം 1692 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തെങ്കിലും 1368 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ കാർഡ് നൽകിയത് |
| 2 | | തോട്ടപ്പുഴശ്ശേരി | പഞ്ചായത്തിൽ ആകെ 4021 കുടുംബങ്ങൾ ഉണ്ടെങ്കിലും 859 കുടുംബങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. തൊഴിൽ കാർഡ് നൽകുന്നതിന് ഒരു മാസം വരെ കാലതാമസം വരുന്നുണ്ട്. |
| 3 | | പന്തളം തെക്കേക്കര | 6088 കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ടെങ്കിലും 2011-12 വരെ 1265 കുടുംബങ്ങൾ മാത്രമാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തത്. |
| 4 | കോട്ടയം | മരങ്ങാട്ടുപ്പള്ളി | തൊഴിൽ കാർഡ് രജിസ്റ്ററിൽ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കകം തൊഴിൽ കാർഡ് നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താനാകുന്നില്ല. |
| 5 | | തിരുവാർപ്പ് | തൊഴിൽ കാർഡ് രജിസ്റ്റർ/അപേക്ഷാ രജിസ്റ്റർ എന്നിവയിൽ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കകം തൊഴിൽ കാർഡ് അനുവദിച്ച് നൽകിയെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. |

LOCAL FUND AUDIT DEPARTMENT

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | കണ്ടെത്തിയ അപാകത |
|---|---|---|---|
| 6 | മലപ്പുറം | കോഡൂർ | രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ വിശദവിവരം ഗ്രാമസഭയിൽ അവതരിപ്പിക്കുകയോ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ ചെയ്തിട്ടില്ല. അപേക്ഷ രജിസ്റ്റർ, തൊഴിൽ കാർഡ് രജിസ്റ്റർ എന്നിവ കാലികമല്ല. |
| 7 | | അരീക്കോട് | രജിസ്ട്രേഷന് അപേക്ഷിക്കുന്ന തൊഴിലാളികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നില്ല. |
| 8 | | മമ്പാട് | ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതിനു പുറമേ വാർഡുകളിൽ നിന്ന് എ.ഡി.എസ്. മുഖേന ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് തൊഴിലുറപ്പ് പദ്ധതി ജീവനക്കാർ സ്വീകരിക്കുന്നു. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നില്ല. |
| 9 | കോഴിക്കോട് | കീഴരിയൂർ | അപേക്ഷയിന്മേൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകിയിട്ടില്. തൊഴിൽ കാർഡ് നൽകുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണെങ്കിലും സെക്രട്ടറി അപേക്ഷ സ്വീകരിച് ബി.ഡി.ഒ.യ്ക്ക് അയച്ചുകൊടുത്ത് അനുമതി വാങ്ങിയശേഷമാണ് കാർഡ് നൽകി വരുന്നത്. ഇത് തൊഴിൽ കാർഡ് നൽകുന്നതിൽ കാലതാമസത്തിന് കാരണമാകുന്നു. |
| 10 | കാസർഗോഡ് | കള്ളാർ | തൊഴിൽ കാർഡ് അനുവദിച്ച് നൽകുന്നതിൽ 14 ദിവസം എന്ന പരിധി പാലിക്കുന്നില്ല. |

പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തിൽ ഒരിടത്തു പോലും വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ ഫോട്ടോ കോപ്പി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തുകളിലെ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് അനുവദിച്ചു നൽകൽ, ആകെ തൊഴിൽദിനങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ **അനുബന്ധം– 10 ൽ** നൽകിയിരിക്കുന്നു)

## തൊഴിലിന് അപേക്ഷിക്കലും തൊഴിൽ ലഭ്യമാക്കലും



ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 7(1)-ാം വകുപ്പ് പ്രകാരം തൊഴിൽ കാർഡ് കൈവശമുള്ള ഒരാൾക്ക് തൊഴിലിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി 15 ദിവസത്തിനകം തൊഴിൽ നൽകേണ്ടതാണ്. ഇതിന് കാലതാമസമുണ്ടായാൽ തൊഴിലാളിക്ക് തൊഴിൽ രഹിത വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. (15 ദിവസം കഴിഞ്ഞ് തൊട്ടടുത്ത ദിവസം മുതൽ തൊഴിൽ നൽകുന്ന ദിവസം വരെ) തുടർച്ചയായി കുറഞ്ഞത് 14 ദിവസത്തേക്കെങ്കിലും അപേക്ഷിക്കാത്തവർക്ക് തൊഴിൽ അനുവദിച്ച് നൽകേണ്ടതില്ല. തൊഴിൽ കാർഡ് ഉടമകൾ തൊഴിലിനായി അപേക്ഷിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്താൻ പാടുള്ളതല്ല. തൊഴിലിനുള്ള അപേക്ഷയും ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രസീത് നൽകേണ്ടതാണ്. തൊഴിൽ അനുവദിച്ച വിവരം തൊഴിൽ കാർഡ് ഉടമകളെ കത്തുവഴി അറിയിക്കുകയും ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആകെ തൊഴിൽ ദിനങ്ങളുടെ മൂന്നിലൊന്നെങ്കിലും സ്ത്രീകൾക്ക് നൽകേണ്ടതാണ്. ഒരു കുടുംബത്തിന് അർഹതപ്പെട്ട ദിവസപരിധിയിൽ കവിഞ്ഞ് (കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും കൂടി 100 ദിവസം) തൊഴിൽ നൽകാൻ പാടില്ല. 15 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത കുടുംബങ്ങളെ RSBY (Rashtriya Swasth Bhima Yojna) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങളെല്ലാം ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പാലിക്കുന്നുണ്ട്. തൊഴിൽ കാർഡ് ലഭിച്ചിട്ടും വളരെ ചെറിയ ഒരു വിഭാഗം മാത്രമാണ്, തൊഴിൽ ആവശ്യപ്പെടുന്നത്. 100 ദിവസവും തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം തീരെ വിരളമാണ്. സ്ത്രീകളുടെയും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും കാര്യമായ പ്രാതിനിധ്യം

പ്രവൃത്തികളിൽ ഉണ്ടായിട്ടുണ്ട്. തൊഴിലിന് അപേക്ഷ സ്വീകരിക്കുന്നതിലും തൊഴിൽ അനുവദിച്ചു നൽകിയതിലും വീഴ്ച വരുത്തിയ ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | കണ്ടെത്തിയ അപാകത |
|---|---|---|---|
| 1 | തിരുവനന്ത പുരം | ഉഴമലയ്ക്കൽ | തൊഴിൽ അനുവദിച്ച വിവരം കാർഡ് ഉടമകളെ കത്ത് വഴി അറിയിക്കുകയോ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരസ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. |
| 2 | | വാമനപുരം | തൊഴിൽ കാർഡ് ഉടമകളിൽ നിന്ന് 2010-11, 2011-12 കാലയളവിൽ അപേക്ഷ സ്വീകരിച്ചതായി കാണുന്നില്ല |
| 3 | പത്തനംതിട്ട | പന്തളം തെക്കേക്കര | ഓരോ പ്രവൃത്തിയും നിർവ്വഹണത്തിന് തയ്യാറാകുന്ന മുറയ്ക്ക് തൊഴിൽ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തൊഴിലിനായി അപേക്ഷ സ്വീകരിക്കുന്നത്. |
| 4 | | തോട്ടപ്പുഴശ്ശേരി | ഓരോ പ്രവൃത്തിയും നിർവ്വഹണത്തിന് തയ്യാറാകുന്ന മുറയ്ക്ക് തൊഴിൽ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തൊഴിലിനായി അപേക്ഷ സ്വീകരിക്കുന്നത്. |
| 5 | | വടശ്ശേരിക്കര | ഓരോ പ്രവൃത്തിയും നിർവ്വഹണത്തിന് തയ്യാറാകുന്ന മുറയ്ക്ക് തൊഴിൽ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തൊഴിലിനായി അപേക്ഷ സ്വീകരിക്കുന്നത്. |
| 6 | കോട്ടയം | മരങ്ങാട്ടുപള്ളി | 2010-11 വർഷം ഒരു തൊഴിലാളിക്ക് 104 ദിവസത്തെ വേതനം നൽകി |
| 7 | | തിരുവാർപ്പ് | തുടർച്ചയായി 14 ദിവസത്തെ തൊഴിലിന് അപേക്ഷിക്കാത്തവർക്ക് തൊഴിൽ നൽകി. |
| 8 | ഇടുക്കി | കാമാക്ഷി | രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ തുടർച്ചയായി 14 ദിവസത്തിൽ കുറവായി ജോലിക്ക് അപേക്ഷിച്ചിട്ടു്. കേവലം ഒരു ദിവസത്തേക്കുവരെ തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ളതായി കാണു ന്നു. |
| 9 | കോഴിക്കോട് | എടച്ചേരി | തൊഴിലിനായി തൊഴിലാളികൾ സമർപ്പിച്ച അപേക്ഷകൾ ഫയൽ ചെയ്തു സൂക്ഷിച്ചിട്ടില്ല. ഗ്രൂപ്പുകളായി അപേക്ഷിക്കുന്ന മുറയ്ക്ക് തൊഴിൽ നൽകുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. |
| 10 | | കീഴരിയൂർ | തൊഴിലാളികളിൽ നിന്ന് നേരിട്ട് അപേക്ഷ കൈപ്പറ്റുന്നില്ല. മേറ്റുമാർ ഗ്രാമപഞ്ചായത്തിൽ നൽകുന്ന ലിസ്റ്റുപ്രകാരം തൊഴിൽ അനുവദിച്ചു നൽകുന്ന രീതിയാണ് അവലംബിക്കുന്നത്. |

## 2.ലേബർ ബഡ്ജറ്റും വാർഷിക കർമ്മപരിപാടിയും

മുൻവർഷം തൊഴിലെടുത്ത തൊഴിലാളികളുടെ എണ്ണം, തൊഴിൽ ആവശ്യക്കാർ, പ്രവൃത്തികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വർഷവും എത്ര കുടുംബങ്ങൾക്ക് തൊഴിൽ നൽകേണ്ടി വരും, എത്ര ദിവസം തൊഴിൽ കൊടുക്കണം, ഏതൊക്കെ സമയങ്ങളിലാണ് തൊഴിൽ കൊടുക്കേണ്ടത്, ഏതൊക്കെ പ്രവൃത്തികളാണ് ചെയ്യേണ്ടത്, ഇതിന് എത്ര തുക ആവശ്യമായി വരും തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുന്ന രേഖയാണ് ലേബർ ബഡ്ജറ്റ്. ഇതിനുള്ള പ്രവർത്തനം അയൽക്കൂട്ടതലത്തിൽ ആരംഭിക്കണം.

നിശ്ചിത പത്രികയിൽ അയൽക്കൂട്ടങ്ങൾ ലഭ്യമാക്കുന്ന വിവരങ്ങൾ എ.ഡി.എസ്. തലത്തിൽ ക്രോഡീകരിച്ച് ഗ്രാമസഭകളിൽ അവതരിപ്പിക്കുകയും, ഗ്രാമസഭയിൽ വിശദമായ ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുന്ന നിർദ്ദേശങ്ങൾ ദാരിദ്ര്യ ലഘൂകരണ കർമ്മ സമിതി പരിശോധിച്ച് ഗ്രാമപഞ്ചായത്ത്തല ശിൽപ്പശാലയിൽ അവതരിപ്പിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് വാർഷിക പദ്ധതി, ലേബർ ബജറ്റ് എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകുന്നത്. വാർഷിക കർമ്മപദ്ധതി തയ്യാറാക്കുന്നത് ലേബർ ബജറ്റിനെ അടിസ്ഥാനമാക്കിയാണ്. ഗ്രാമസഭ അംഗീകരിച്ച ഷെൽഫ് ഓഫ് പ്രോജക്ടുകളിൽ നിന്നും ഒരു സാമ്പത്തിക വർഷം നടപ്പിലാക്കാവുന്ന പ്രവൃത്തികൾ കണ്ടെത്തി തൊഴിൽ ദിനങ്ങളുടെയും ആവശ്യമായ ധനവിഹിതത്തിന്റെയും അടിസ്ഥാനത്തിലാണ് വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുന്നത്. ഇത് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ സൂക്ഷ്മപരിശോധന നടത്തി ജില്ലാപഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കണം.

പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തുകളിൽ മിക്കതിലും സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചല്ല വാർഷിക കർമ്മപദ്ധതി അംഗീകരിച്ചത്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന ആവശ്യമായ വിവരങ്ങൾ ശേഖരിച്ച്

LOCAL FUND AUDIT DEPARTMENT

ചർച്ചകൾ നടത്തുകയോ, ദാരിദ്ര ലഘൂകരണ കർമ്മസമിതിയോഗം കൂടുകയോ ചെയ്യുന്ന ഗ്രാമപഞ്ചായത്തുകൾ കുറവാണ്. വിവിധ വാർഡുകളിൽ നിന്ന് അംഗീകരിച്ച പദ്ധതികൾ ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയാണ് ചെയ്യുന്നത്. ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മ പദ്ധതി എന്നിവ ഗവൺമെന്റ് നിർദ്ദേശ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെ തയ്യാറാക്കുന്നതിനാൽ ഗ്രാമപഞ്ചായത്തുകളുടെ യഥാർത്ഥ പദ്ധതി ആവശ്യങ്ങൾ, തൊഴിൽ ആവശ്യകത എന്നിവ വാർഷിക കർമ്മ പദ്ധതിയിൽ പ്രതിഫലിക്കുന്നില്ല.

നല്ലൊരു ശതമാനം ഗ്രാമ പഞ്ചായത്തുകളിലും ശരാശരി 100 ൽ താഴെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പരിശോധന നടത്തിയ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലേബർ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ട്. തൊഴിൽ അവസരങ്ങളും തൊഴിൽ ആവശ്യകതയും ഏറെക്കുറെ പൊരുത്തപ്പെടുന്നുണ്ട്. എങ്കിലും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താത്തതിനാൽ ലേബർ ബഡ്ജറ്റും യഥാർത്ഥത്തിൽ നിർവ്വഹണം നടത്തിയ പ്രവൃത്തിയുമായി പ്രകടമായ തോതിലുള്ള അന്തരമുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2010 – 11

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | ലേബർ ബഡ്ജറ്റ് പ്രകാരം തൊഴിൽ ആവശ്യപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം | തൊഴിൽ ചെയ്ത കുടുംബങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരം ഓരോ കുടുംബത്തിനും നൽകേണ്ട തൊഴിൽ ദിനങ്ങൾ | ശരാശരി നൽകിയ തൊഴിൽ ദിനങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരം സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ് | ആകെ ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം | 3735 | 2302 | 100 | 38 | 373500 | 141723 | 300 | 293 | 46843996 | 16699705 |
| 2 | | ഉഴമലയ്ക്കൽ | 3348 | 1660 | 100 | 28 | 334800 | 46552 | 110 | 2 | 12648000 | 8128726 |
| 3 | പത്തനംതിട്ട | വടശ്ശേരിക്കര | 814 | 808 | 100 | 38.5 | 81400 | 31118 | 814 | 36 | 8072000 | 4088349 |
| 4 | | പന്തളം തെക്കേക്കര | 785 | 938 | 80 | 41 | 63192 | 38715 | 14 | 13 | 9818000 | 5530933 |
| 5 | | തോട്ടപ്പുഴശ്ശേരി | 516 | 538 | 46 | 43 | 24000 | 23584 | 46 | 7 | 5000000 | 3589369 |
| 6 | ഇടുക്കി | മരിയാപുരം | 2090 | 2045 | 100 | 60 | 147328 | 122298 | 378 | 322 | 17500000 | 14706579 |
| 7 | | കാമാക്ഷി | 2344 | 2917 | 100 | 39 | 209436 | 172727 | 100 | 496 | 34600000 | 24099439 |
| 8 | കോട്ടയം | ഉദയനാപുരം | 2494 | 2494 | 100 | 65 | 249400 | 132182 | 304 | 136 | 21485000 | 14836755 |
| 9 | | മരങ്ങാട്ടുപള്ളി | 1547 | 568 | 100 | 40 | 62769 | 22774 | 342 | 11 | 13057000 | 2991000 |
| 10 | | തിരുവാർപ്പ് | 1983 | 2023 | 100 | 32.4 | 86228 | 65575 | 255 | 10 | 1793500000 | 5843900 |
| 11 | ആലപ്പുഴ | കടകരപള്ളി | 2570 | 1645 | 24 | 47 | 60480 | 77675 | 51 | 42 | 133056000 | 10074200 |
| 12 | എറണാകുളം | അശമന്നൂർ | 1670 | 1195 | 100 | 38 | 50334 | 45210 | 535 | 48 | | |
| 13 | തൃശ്ശൂർ | കൊരട്ടി | 848 | 935 | 88 | 32 | 74963 | 30210 | 44 | 40 | 11845000 | 3947573 |
| 14 | | അവിണിശ്ശേരി | 270 | | 80 | | 32000 | | 140 | | 5088000 | |
| 15 | | മതിലകം | 1050 | | 55 | | 57750 | | 80 | | 9957000 | |
| 16 | പാലക്കാട് | അലനല്ലൂർ | 1104 | | 59 | | 65153 | | 100 | | 8144000 | |
| 17 | | വിളയൂർ | 585 | | 51 | | 29835 | | 50 | | 4186416 | |
| 18 | മലപ്പുറം | കോഡൂർ | 400 | 688 | 100 | 52 | 40000 | 36166 | 400 | 137 | 500000 | 4522990 |
| 19 | | അരീക്കോട് | 1894 | 599 | 297 | 40 | 46880 | 23861 | 692 | 16 | 7032000 | 3638125 |
| 20 | വയനാട് | മുട്ടിൽ | 3050 | 2587 | 100 | 100 | 175898 | 95735 | 604 | 198 | 21987250 | 14360250 |
| 21 | | തരിയോട് | 2400 | 1678 | 100 | 33 | 130050 | 54788 | 260 | 47 | 27050400 | 6269275 |
| 22 | | പൊഴുതന | 1900 | 1861 | 100 | 57 | 190000 | 106582 | 1000 | 341 | 29553000 | 16136913 |
| 23 | കണ്ണൂർ | എരഞ്ഞോളി | 665 | 436 | 226 | 54 | 34915 | 23658 | 274 | 109 | 5639000 | 3073825 |
| 24 | | എടക്കാട് | 235 | 104 | 1872 | 23.81 | 23444 | 2477 | ഇല്ല | ഇല്ല | 3907000 | 310673 |
| 25 | | കണിച്ചാർ | 1578 | 965 | | 40.4 | 206375 | 38988 | ലഭ്യമല്ല | 39 | 42994000 | 5150708 |
| 26 | കാസർഗോഡ് | തൃക്കരിപ്പൂർ | 632 | 1261 | 70 | 14 | 29866 | 17223 | 28 | ഇല്ല | 3733000 | 2649000 |

LOCAL FUND AUDIT DEPARTMENT

2011 – 12

| ജില്ല/ ഗ്രാമപഞ്ചായത്ത് | ലേബർ ബഡ്ജറ്റ് പ്രകാരം തൊഴിൽ ആവശ്യപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം | തൊഴിൽ ചെയ്ത കുടുംബങ്ങൾ | നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരം സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ് | ആകെ ചെലവ് |
|---|---|---|---|---|---|---|---|---|---|
| വാമനപുരം (തിരുവനന്തപുരം) | 3173 | 2623 | 51 | 317300 | 161517 | 500 | 489 | 48031755 | 31449300 |
| ഉഴമലയ്ക്കൽ (തിരുവനന്തപുരം) | 2304 | 1898 | 49.5 | 230400 | 93987 | 86 | 28 | 22200000 | 14092000 |
| കിഴക്കേകല്ലട (കൊല്ലം) | 1369 | 506 | 91.49 | 136900 | 46295 | 12 | 22 | 4240476 | 6638169 |
| വടശ്ശേരിക്കര (പത്തനംതിട്ട) | 928 | 1406 | 36.08 | 50112 | 51729 | 40 | 124 | 10440000 | 7841950 |
| പന്തളം തെക്കേക്കര (പത്തനംതിട്ട) | 1050 | 1085 | 44 | 38850 | 47227 | 85 | 19 | 800000 | 7084050 |
| തോട്ടപ്പുഴശ്ശേരി (പത്തനംതിട്ട) | 863 | 656 | 40 | 24000 | 25875 | 28 | 29 | 6000000 | 3784729 |
| മരിയാപുരം (ഇടുക്കി) | 2380 | 2038 | 51 | 133333 | 103865 | 225 | 132 | 20000000 | 17021215 |
| കാമാക്ഷി (ഇടുക്കി) | 2500 | 2970 | 39 | 95000 | 165653 | 100 | 400 | 16150000 | 26723384 |
| ഉദയനാപുരം (കോട്ടയം) | 2503 | 2603 | 100 | 75 | 260300 | 183820 | 780 | 615 | 28971000 |
| മരങ്ങാട്ടുപള്ളി (കോട്ടയം) | 1984 | 746 | 100 | 39 | 64612 | 0 | 141 | 23 | 1615700 |
| തിരുവാർപ്പ് (കോട്ടയം) | 4395 | 1947 | 100 | 26.72 | 161155 | 52034 | 85 | 2 | 40289000 |
| കടകരപള്ളി (ആലപ്പുഴ) | 2723 | 2095 | 20 | 73.73 | 59385 | 154454 | 111 | 516 | 10074200 |
| കൊരട്ടി (തൃശ്ശൂർ) | 743 | 945 | 55 | 40 | 40880 | 37439 | 94 | 57 | 7000000 |
| അവിണിശ്ശേരി (തൃശ്ശൂർ) | 270 | | 80 | | 32000 | | 140 | | 5088000 |
| മതിലകം (തൃശ്ശൂർ) | 1212 | 1441 | 55 | 39 | 66660 | 56379 | 50 | 37 | 11500000 |
| അലനല്ലൂർ(പാലക്കാട്) | 1050 | 1308 | 70 | 38 | 73500 | 49280 | 248 | 47 | 11025000 |
| വിളയൂർ (പാലക്കാട്) | 571 | 562 | 100 | | 57100 | 40156 | 85 | 200 | 7513158 |
| കോഡൂർ (മലപ്പുറം) | 400 | 688 | 100 | 52 | 40000 | 36166 | 400 | 137 | 500000 |
| അരീക്കോട് (മലപ്പുറം) | 1894 | 599 | 297 | 40 | 46880 | 23861 | 692 | 16 | 7032000 |
| മുട്ടിൽ (വയനാട്) | 3050 | 2587 | 100 | 100 | 175898 | 95735 | 604 | 198 | 21987250 |
| തരിയോട് (വയനാട്) | 2200 | 1751 | 100 | 38 | 90460 | 66988 | 300 | 130 | 18996600 |
| പൊഴുതന(വയനാട്) | 3587 | 2015 | 100 | 55 | 190000 | 106582 | 380 | 340 | 29792000 |
| എടക്കാട് (കണ്ണൂർ) | 275 | 201 | 36.54 | 23444 | | | | | |

LOCAL FUND AUDIT DEPARTMENT

## കാഞ്ഞൂർ മാതൃക

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതികളും ഷെൽഫ് ഓഫ് പ്രോജക്ടും തയ്യാറാക്കുന്നത് ജി.ഒ(ആർ.ടി) 2885/09/തസ്വഭവ തീയതി 18.10.09 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ്. ഗ്രാമസഭ നിർദ്ദേശിക്കുന്ന അനുവദനീയമായ പ്രവൃത്തികൾ പഞ്ചായത്ത്തലത്തിൽ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിക്കൊണ്ടു തന്നെയാണ് തയ്യാറാക്കുന്നത്. തൊഴിൽ ആവശ്യപ്പെടുന്നതിന് അനുസരിച്ചാണ് കാർഡുടമകൾക്ക് തൊഴിൽ നൽകുന്നത്. ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികളാണ് ചെയ്തു വരുന്നത് എന്നുള്ളതിനാൽ ലേബർ ബഡ്ജറ്റും യഥാർത്ഥത്തിലുള്ള പദ്ധതി നിർവ്വഹണവും തമ്മിൽ പ്രത്യക്ഷമായ അന്തരം ഇല്ല.

ലേബർ ബഡ്ജറ്റും, യഥാർത്ഥ പദ്ധതി നിർവ്വഹണത്തിന്റെ കണക്കും തമ്മിലുള്ള വലിയതോതിലുള്ള വ്യത്യാസം കാണിക്കുന്നത്, മുൻവർഷങ്ങളിലെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരശേഖരണങ്ങളോ, ഗ്രാമസഭകളിൽ ചർച്ചകളോ നടത്തിയല്ല ഓരോ വർഷവും ലേബർ ബജറ്റും, വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നത് എന്നാണ്. ഇത് കാരണം തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ നൽകുന്നതിന് പര്യാപ്തമായ വിധം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനും കഴിയുന്നില്ല.

**അപാകങ്ങൾ**

1. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ 21 വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും 98,41,000/-രൂപയുടെ ലേബർ ബഡ്ജറ്റിന് നിർദ്ദേശം വന്നെങ്കിലും, പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ തൊഴിലുറപ്പ് പദ്ധതിക്ക് മുന്നേറ്റമുണ്ടാക്കാൻ പ്രായോഗികമായി സാധിക്കില്ല എന്ന തീരുമാനത്തിൽ 47.33 ലക്ഷം രൂപയുടെ ലേബർ ബഡ്ജറ്റിന് ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകി. (പഞ്ചായത്ത് തീരുമാനം 02/2011 തീയതി 05.01.2011)
2. കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിൽ 2010-11 സാമ്പത്തിക വർഷം ബി.പി.എൽ. ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ കിണർ നിർമ്മാണത്തിന് ആനുകൂല്യം നൽകുമെന്ന് ജില്ലാപഞ്ചായത്തിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 26.04.10 ലെ 67/2010 നമ്പർ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം 13 വാർഡുകളിലായി 465 പുതിയ കിണർ നിർമ്മാണത്തിനും, 92 കിണർ ആഴം കൂട്ടുന്ന പ്രവൃത്തികളും നടപ്പിലാക്കാനുള്ള തീരുമാനം അംഗീകാരത്തിനായി ജില്ലാ പഞ്ചായത്തിൽ സമർപ്പിക്കുകയും ആയതിന് 07.07.10 ന് ജില്ലാ പഞ്ചായത്ത് അംഗീകാരം നൽകുകയും ചെയ്തു. ഈ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡുകൾ | പ്രവൃത്തികളുടെ എണ്ണം | കൂലിയിനത്തിൽ വകയിരുത്തേണ്ട തുക | കൂലിയിതരയിനത്തിൽ വകയിരുത്തേണ്ട തുക | ആകെ |
|---|---|---|---|---|
| 13 | 557 | 17335000 | 8590000 | 25925000 |

എന്നാൽ ഈ പദ്ധതി 2010-11 വർഷത്തെ ലേബർ ബഡ്ജറ്റിലും കർമ്മ പരിപാടിയിലും ഉൾപ്പെട്ടിട്ടില്ല. ഇപ്രകാരം ലേബർ ബഡ്ജറ്റിൽ ഉൾപ്പെട്ട് തുക വകയിരുത്തിയിട്ടില്ലാത്ത പ്രവൃത്തിക്ക് അംഗീകാരം തേടിയത് അപാകതയാണ്.

## 3. ഗ്രാമസഭകളുടെ പ്രവർത്തനം

കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ ചുമതല ത്രിതല പഞ്ചായത്തുകൾക്കാണെങ്കിലും, അതിൽ തന്നെ ഗ്രാമപഞ്ചായത്തുകൾക്കാണ് നിർണ്ണായകമായ പങ്കുള്ളത്. ഗ്രാമപഞ്ചായത്ത് ഭരണത്തിന്റെ ജീവനാഡിയായ ഗ്രാമസഭകൾ വഴിയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മേൽനോട്ടം, സോഷ്യൽ ഓഡിറ്റിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്.

തൊഴിലുറപ്പ് പദ്ധതിയുടെ കർമ്മ പരിപാടി ചുവടെപ്പറയുന്ന 7 ഘട്ടങ്ങളിലൂടെയാണ് രൂപപ്പെടുന്നത്.

1. കുടുംബശ്രീ അയൽക്കൂട്ട ചർച്ച
2. ഗ്രാമസഭ

LOCAL FUND AUDIT DEPARTMENT

3. വാർഡ്തല കർമ്മ പരിപാടി ക്രോഡീകരണം
4. പഞ്ചായത്ത്തല ക്രോഡീകരണം
5. പഞ്ചായത്ത്തല ശിൽപ്പശാല
6. പഞ്ചായത്തിന്റെ പദ്ധതിയുമായി സംയോജിപ്പിക്കൽ
7. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കലും സാങ്കേതിക അനുമതി നൽകലും.


പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് ഗ്രാമസഭ

ഓരോ പ്രദേശത്തും തൊഴിൽദിനങ്ങളുടെ ലഭ്യത, അവ ലഭ്യമാക്കുന്ന സമയം, അധിക തൊഴിൽ ദിനങ്ങൾ, നിലവിലുള്ള കാർഷിക ജോലികളെ ബാധിക്കാതെ അവ ലഭ്യമാക്കൽ തുടങ്ങിയവ നിശ്ചയിക്കേണ്ടത് ഗ്രാമസഭകളാണ്. ഈ സമയക്രമം വിശദമായ ചർച്ചകളിലൂടെ ഒരു പ്രവർത്തന കലണ്ടറായി ഗ്രാമസഭ തയ്യാറാക്കേണ്ടതാണ്.

പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി പരിശോധന നടത്തിയതിൽ പാലക്കാട് ജില്ലയിലെ വിളയൂർ, എലപ്പുള്ളി, അലനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാതൃകാപരമായി തൊഴിലുറപ്പ് ഗ്രാമസഭകൾ ചേരുന്നതായി കണ്ടെത്തി. എന്നാൽ മിക്കയിടത്തും തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് ഗ്രാമസഭകളിൽ വിശദമായ ഗ്രൂപ്പ് ചർച്ചകൾ നടത്തുകയോ അയൽക്കൂട്ടങ്ങൾ മുഖേന വിവരശേഖരണം നടത്തുകയോ ചെയ്യുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ സംഘാടനത്തിന് ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുക്കുന്നതിലും ഗ്രാമപഞ്ചായത്തുകൾ വേണ്ട പ്രാധാന്യം നൽകുന്നില്ല.

വരും വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം, അവർക്ക് തൊഴിൽ നൽകേണ്ട സമയം, നൽകേണ്ട തൊഴിൽ ദിനങ്ങൾ, തൊഴിൽ നൽകുവാൻ ആവശ്യമായ പ്രവൃത്തികൾ കണ്ടെത്തുക, പ്രതീക്ഷിത ചെലവ് തിട്ടപ്പെടുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് അയൽക്കൂട്ടങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഓരോ വാർഡിലും ഗ്രാമസഭ ഫെസിലിറ്റേറ്റർമാരെ മുൻകൂട്ടി പരിശീലനം നൽകി വിനിയോഗിക്കുന്നത്. ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകുന്നതിലും ഫെസിലിറ്റേറ്റർമാരുടെയും ഭരണസമിതി അംഗങ്ങളുടെയും യോഗം വിളിച്ചു ചേർക്കുന്നതിലും മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശ്രദ്ധിക്കുന്നില്ല.

കൂടാതെ പരിശോധന നടത്തിയ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുന്നതിനായി പ്രത്യേക ഗ്രാമസഭകൾ ചേരുന്നില്ല. ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ സാധാരണ ചേരുന്ന ഗ്രാമസഭകളിൽ തൊഴിലുറപ്പ് പ്രവൃത്തികളുടെ അവലോകനം നടക്കാറുണ്ട്. പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകളുടെ നടത്തിപ്പ് സംബന്ധിച്ച് കണ്ടെത്തിയ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് കണ്ടെത്തലുകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം | തൊഴിലുറപ്പ് ഗ്രാമസഭകളുടെ മിനിട്സുകൾ വെള്ള പേപ്പറിലെഴുതി ഫയൽ ചെയ്ത് സൂക്ഷിക്കുന്നു. ആയത് ഗ്രാമസഭ മിനിട്ട്സ് ബുക്കിൽ ഉൾപ്പെടുത്തി കാണുന്നില്ല |
| 2 | | പോത്തൻകോട് | ഗ്രാമസഭകളിൽ മതിയായ ജനപങ്കാളിത്തമില്ല |
| 3 | കൊല്ലം | കിഴക്കേകല്ലട | പ്രത്യേക തൊഴിലുറപ്പ് ഗ്രാമസഭകൾ ചേരുന്നില്ല. പൊതുവായ ഗ്രാമസഭകളിൽ തൊഴിലുറപ്പ് പദ്ധതി പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തുന്നു. ഗ്രാമസഭകളിലെ നിർദ്ദേശങ്ങളുടെയും ചർച്ചകളുടെയും വിശദാംശങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി | ഗ്രാമസഭാ സംഘാടനത്തിന് ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുത്തിട്ടില്ല. പദ്ധതിയുടെ നടത്തിപ്പിൽ ഒരു ഘട്ടത്തിലും ഗ്രാമസഭയുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 5 | ആലപ്പുഴ | എടത്വാ | ഗ്രാമസഭയുടെ അംഗീകാരം നേടുവാൻ ഉതകുന്ന യാതൊരു നിർദ്ദേശങ്ങളും അയൽക്കൂട്ടങ്ങളിൽ നിന്നും ലഭ്യമായിട്ടില്ല |
| 6 | ഇടുക്കി | മരിയാപുരം | തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി പ്രത്യേക ഗ്രാമസഭ ചേരുന്നില്ല |
| 7 | കോട്ടയം | ഉദയനാപുരം | ജനപങ്കാളിത്തം കുറവ്. ഗ്രാമസഭയിൽ ചർച്ച നടത്തി അംഗീകരിച്ച ലിസ്റ്റ് പല ഗ്രാമസഭാ മിനിട്സ് ബുക്കിലും എഴുതി ചേർത്തിട്ടില്ല |
| 8 | എറണാകുളം | കാഞ്ഞൂർ | 6 മാസത്തിലൊരിക്കൽ തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി മാത്രം ഗ്രാമസഭ കൂടി പ്രവൃത്തികളുടെ അവലോകനം നടത്തുന്നില്ല. |
| 9 | തൃശ്ശൂർ | മതിലകം | ആക്ഷൻ പ്ലാൻ അവതരിപ്പിച്ച ഗ്രാമസഭകളിൽ മതിയായ പങ്കാളിത്തമില്ല. പദ്ധതികളെക്കുറിച്ച് വിശദമായ ചർച്ച നടന്നിട്ടില്ല. |
| 10 | പാലക്കാട് | അലനല്ലൂർ | മതിയായ ജനപങ്കാളിത്തമുണ്ട്. എല്ലാ വാർഡുകളിലും കൃത്യമായി തൊഴിലുറപ്പ് ഗ്രാമസഭ കൂടാറുണ്ട്. |
| 11 | പാലക്കാട് | എലപ്പുള്ളി | മതിയായ ജനപങ്കാളിത്തമുണ്ട്. എല്ലാ വാർഡുകളിലും കൃത്യമായി തൊഴിലുറപ്പ് ഗ്രാമസഭ കൂടാറുണ്ട്. |
| 12 | മലപ്പുറം | അരീക്കോട് | പ്രത്യേക ഗ്രാമസഭ വിളിച്ചു കൂട്ടിയിട്ടില്ല. ഗ്രാമസഭായോഗങ്ങളിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദമായ ഗ്രൂപ്പ് ചർച്ചകൾ നടത്തിയിട്ടില്ല. |
| 13 | | മമ്പാട് | വ്യക്തമായ പദ്ധതികൾ തയ്യാറാക്കാതെ ഗ്രാമസഭകൾ വിളിച്ചുകൂട്ടിയതുമൂലം ഗ്രാമസഭകളിലെ ജനപങ്കാളിത്തം കുറയുകയും പദ്ധതി സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുന്നതിനും സാധിച്ചിട്ടില്ല |
| 14 | കോഴിക്കോട് | കീഴരിയൂർ | ഗ്രാമസഭകളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമാണ്. |
| 15 | വയനാട് | മുട്ടിൽ | ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പരിപാടികളും ഗ്രാമസഭകളിൽ ചർച്ച ചെയ്തിട്ടുണ്ട്. |
| 16 | കണ്ണൂർ | എടക്കാട് | ഗ്രാമസഭകളിൽ ക്വാറത്തിന് ആവശ്യമായ അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. എന്നാൽ പലഗ്രാമസഭ മിനിട്സുകളിലും ചർച്ച ചെയ്ത കാര്യങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. |
| 17 | | കണിച്ചാർ | ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമാണ് |
| 18 | കാസർഗോഡ് | തൃക്കരിപ്പൂർ | വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് പ്രത്യേക ഗ്രാമസഭകൾ ചേർന്നിട്ടില്ല |
| 19 | | കള്ളാർ | ഗ്രാമസഭാ ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എങ്കിലും ഗ്രാമസഭകളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. |

## 4. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ

നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ അവിദഗ്ധ തൊഴിലാളികൾക്ക് സർക്കാർ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന നിർദ്ദിഷ്ട തുക പ്രതിദിനം വേതനം ലഭിക്കത്തക്ക രീതിയിൽ വേണം ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇപ്രകാരമുള്ള എസ്റ്റിമേറ്റ് പ്രാദേശിക ഭാഷയിൽ ഓരോ ഇനം തിരിച്ച് തയ്യാറാക്കേണ്ടതാണ്. അംഗീകരിച്ച എസ്റ്റിമേറ്റിൽ മേറ്റിന്റെ കൂലി, തൊഴിലുപകരണങ്ങളുടെ വാടക പ്രവൃത്തി സ്ഥലത്ത് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചെലവ്, തൊഴിലാളികൾ എത്ര പേർ (അവിദഗ്ധ, അർദ്ധ വിദഗ്ധ, വിദഗ്ധ) എന്നിവയും വേണ്ടി വരുന്ന സാധന സാമഗ്രികളുടെ കണക്കും (ലോറി, ലോഡ് എന്ന നിരക്കിൽ) ഉണ്ടായിരിക്കണം. ഈ തരത്തിൽ ഉണ്ടാക്കുന്ന എസ്റ്റിമേറ്റുകൾ പ്രവൃത്തി ഏറ്റെടുക്കുന്ന തൊഴിലാളികളുടെ ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് ഒരു ധാരണയിലെത്തുകയും ആയതിന്റെ പകർപ്പ് പ്രവൃത്തി ഏറ്റെടുക്കുന്ന ഗ്രൂപ്പിൽ നൽകുകയും പരസ്യപ്പെടുത്തുകയും വേണം.

പ്രവൃത്തികൾക്ക് പഞ്ചായത്ത് ഭരണസമിതി ഭരണാനുമതി നൽകുന്നു. സാങ്കേതികാനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, എൻ.ആർ.ഇ.ജി.എസ്. ഓവർസീയർ, സാങ്കേതിക യോഗ്യതയുള്ള ഒരു അംഗം എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത്തല സാങ്കേതിക ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

നീർത്തടാധിഷ്ഠിത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മണ്ണ് സംരക്ഷണ വകുപ്പിന്റെ ഷെഡ്യൂൾ നിരക്ക് പ്രകാരവും വന മേഖ യിലുള്ള പ്രവൃത്തികൾക്ക് ഫോറസ്റ്റ് ഷെഡ്യൂൾ നിരക്ക് പ്രകാരവുമാണ് തയ്യാറാക്കേണ്ടത്.

പരിശോധന നടത്തിയതിൽ മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലും പാലക്കാട് ജില്ലയിലെ അലനല്ലൂർ, എലപ്പുള്ളി ഗ്രാമപഞ്ചായത്തുകളിലും കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിലും തിരുവന ന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിലും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും തുടർ അനുമതികൾ നേടുന്ന തിലും നിർദ്ദിഷ്ട നടപടിക്രമങ്ങളെല്ലാം പാലിക്കുന്നതായി കണ്ടെത്തി.എന്നാൽ മറ്റു ചില ഗ്രാമപഞ്ചായത്തുകളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ പോത്തൻ കോട്ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പെരുപ്പിച്ച് കാണി ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത്തല സാങ്കേതിക സമിതി രൂപീകരി ച്ചിട്ടില്ല. പല എസ്റ്റിമേറ്റുകളിലും തയ്യാറാക്കിയ ഓവർസീയറുടെ പേരും കൈയ്യൊപ്പും പതിപ്പിച്ചിട്ടില്ല.

ആലപ്പുഴ ജില്ലയിലെ എടത്വാ ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12 എന്നീ വർഷങ്ങളിൽ ഗ്രാമപഞ്ചായ ത്തുകളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പല പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി കൃത്യമായ അളവുകളുടെ അടിസ്ഥാനത്തില ല്ലെന്ന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം തെറ്റായ അളവിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കപ്പെടുകയും പ്രവൃത്തി പൂർത്തീകരണത്തിന് ശേഷവും സ്ഥലപരിശോധന നടത്തി അളവ് രേഖപ്പെടുത്താതെ എസ്റ്റിമേറ്റിലെ അതേ അളവു കൾ തന്നെ അളവ് പുസ്തകത്തിലേക്ക് രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തുന്നത് അധിക ചെലവിന് കാരണമാ കുന്നു. ഉദാഹരണമായി എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഒരേയിനം പ്രവൃത്തികൾക്ക്, പ്രവൃത്തി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുക്കാതെ പൊതുവായ ഒരു എസ്റ്റിമേറ്റ് ഉപയോഗിക്കുന്നതായി കാണുന്നു.

അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി പ്രവൃത്തികൾ മുഴുവനായി ഏറ്റെടുക്കാതെ, പ്രത്യേക കാര ണമില്ലാതെ പാതിവഴിയിൽ ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തൊഴിൽ ദിനങ്ങളിൽ കുറവു വരുന്ന തിനും പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പാഴ്ചെലവുണ്ടാകുന്നതിനും കാരണമാകുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തിൽ നടപ്പിലാക്കിയ ചില പ്രവൃത്തി കളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞതിനു വിപരീതമായിട്ടാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തി | നടത്തിയ പ്രവൃത്തി | സ്ഥല ഉടമയുടെ പേര് |
|---|---|---|---|
| 1 | കുളം നിർമ്മാണം | കിണർ നിർമ്മാണം | മിനിടോമി, പറക്കയം, വാട്ടർഷെഡ് |
| 2 | കുളം നിർമ്മാണം | കിണർ നിർമ്മാണം | ബൈജു, കൊശപ്പള്ളി, അയ്യങ്കാവ്, വാട്ടർഷെഡ് |
| 3 | കുളം നിർമ്മാണം | കിണർ നിർമ്മാണം | സിബി.പി.സി (ബി.പി.എൽ) |
| 4 | കുളം നിർമ്മാണം | കിണർ നിർമ്മാണം | ജോസഫ്, ഇല്ലിത്തടത്തിൽ, പറക്കയം |

## 5. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിൽ വീഴ്ച

ചെറുതോ വലുതോ ആയ ഏതൊരു നീർച്ചാലിനും അതിലേക്ക് ഒഴുകിയെത്തുന്ന വെള്ളം സമാഹരിക്കുന്ന ഒരു ഭൂവിഭാഗം ചുറ്റുമായി ഉണ്ടാകും. ഈ ഭൂഭാഗത്തെയാണ് പ്രസ്തുത നീർച്ചാലിന്റെ നീർത്തടം എന്നു പറയുന്നത്. നാം പരിഗണിക്കുന്ന നീർച്ചാലിന്റെ നീളത്തിനനുസരിച്ച് നീർത്തടത്തിന്റെ വിസ്തൃതിയും വ്യത്യസ്തമാകുന്നു. ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും, ജലസംരക്ഷണം സാദ്ധ്യമാക്കുന്നതിനും, ഭൂവിനിയോഗം ക്രമപ്പെടുത്തുന്ന തിനും അതിലൂടെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും കാർഷിക ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പി ക്കുന്നതിനുമുള്ള ഇടപെടൽ പ്രവർത്തനങ്ങൾ നീർത്തടമെന്ന പ്രകൃതിദത്ത യൂണിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം നടത്തേണ്ടത്. കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യകൃഷി, സാമൂഹ്യ വനവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉദ്ഗ്രഥനം ചെയ്ത് ഒരു സമഗ്ര നീർത്തട വികസന കാഴ്ചപ്പാടോടുകൂടിയാണ് ഇടപെടലുകൾ ഏറ്റെടുക്കേണ്ടത്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

1. **മഴക്കുഴി നിർമ്മാണം–** ഒഴുകി പാഴാകുന്ന വെള്ളം കെട്ടിനിർത്തി ഭൂമിയിലേക്ക് ആഴ്ത്തുന്നതിനുള്ള കുഴികളും വെള്ളക്കെട്ടുകളും നിർമ്മിക്കാവുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.
2. **തടയണ നിർമ്മാണം–** വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കിയും ചെടികൾ വച്ച് പിടിപ്പിച്ചും പാഴ്ത്തടികൾ ഇട്ടും തടസ്സങ്ങൾ സൃഷ്ടിക്കാവുന്ന സ്ഥലങ്ങൾ.
3. **വിയർ നിർമ്മാണം–** വെള്ളം ഒഴുകി കുത്തനെ വീഴുന്ന സ്ഥലങ്ങളിൽ ചെറിയ കുളങ്ങൾ നിർമ്മിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക.
4. **കോണ്ടൂർ ബണ്ടിംഗ്–** വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറകെ കയ്യാല നിർമ്മിക്കാവുന്ന സ്ഥലങ്ങൾ
5. **ബണ്ടുകൾ-** പുല്ല്, മരങ്ങൾ എന്നിവ വച്ചുപിടിപ്പിക്കേണ്ട സ്ഥലങ്ങൾ.
6. -ധാരാളം വേര് പടലങ്ങളുള്ള ഗിനി ഗ്രാസ്, രാമച്ചം മുതലായ പുല്ലുവർഗ്ഗങ്ങളും മരങ്ങളും വച്ച് പിടിപ്പിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക.
7. **നീർച്ചാലുകൾ വൃത്തിയാക്കൽ–** മണ്ണ് വീണ് മൂടിയ നീർച്ചാലുകൾ തെളിച്ച് നീരൊഴുക്കിനുള്ള തടസ്സം മാറ്റേണ്ട നീർച്ചാലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ.
8. **ജൈവ വേലി–** വട്ട, ശീമക്കൊന്ന, ബാബൂൽ തുടങ്ങിയ ജൈവവളമായി ഉപയോഗിക്കാൻ പറ്റിയ മരങ്ങൾ പുറമ്പോക്കുകളുടെ അതിരുകളിലും നീർച്ചാലുകളുടെ കരകളിലും വച്ച് പിടിപ്പിക്കാൻ പറ്റിയ സ്ഥലങ്ങൾ നിശ്ചയിക്കൽ.
9. **നീർച്ചാലുകളിൽ പാഴ്ത്തടികൾ ഉപയോഗിച്ച് തടയണ നിർമ്മാണം**

LOCAL FUND AUDIT DEPARTMENT

ഓരോ പ്രദേശത്തും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഉണ്ടാകുന്ന നിർമ്മാണ പ്രവർത്തനങ്ങളിലൂടെ കൈവരുന്ന പുരോഗതി അവിടുത്തെ ദുർബല ജനവിഭാഗങ്ങൾക്ക് ഗുണകരമാണെന്ന് ഉറപ്പ് വരുത്തണം. കേരളത്തിലെ കാർഷിക മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമായ വിധത്തിൽ നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടോടെ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്രീകരിച്ച് നീർത്തട വികസന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി നടപ്പാക്കണമെന്ന് 28.12.06 ലെ (എം.എസ്) 296/06/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലും ആയത് നിർവ്വഹണം നടത്തുന്നതിലും ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇത് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ കുറവു വരാൻ കാരണമായി. ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ വിവിധ തോടുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും സ്വകാര്യ കൃഷി ഭൂമിയിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളും മാത്രമാണ് നീർത്തട മാസ്റ്റർ പ്ലാനിൽ നിർദ്ദേശിക്കപ്പെട്ടത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം സ്വകാര്യ ഭൂവുടമകളിൽ നിന്നും നീർത്തട പദ്ധതി പ്രകാരം ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് അപേക്ഷ സ്വീകരിക്കുകയോ തൊഴിൽ കാർഡ് നൽകുകയോ ചെയ്തിട്ടില്ല. 2012-13 വർഷം 1308 കുടുംബങ്ങളിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടുണ്ടെങ്കിലും  ഭൂവികസന പ്രവൃത്തികൾ ഒന്നും നടപ്പാക്കിയിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ മൊത്തം പദ്ധതിയുടെ അടങ്കലിന്റെ 2.09% തുക മാത്രമേ 2011-12 വർഷം വരെ ചെലവഴിക്കാനായുള്ളൂ. നീർത്തട പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിനും, ഇതിനായി പരമാവധി കുടുംബങ്ങളെ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനും ഫലപ്രദമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ (പത്തനംതിട്ട) വർക്കിംഗ് ഗ്രൂപ്പും നീർത്തട കമ്മിറ്റികളും രൂപീകരിച്ചിട്ടില്ല. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിന് നീർത്തട ഗ്രാമസഭ വിളിച്ചു ചേർത്തിട്ടില്ല. കൂടാതെ പൊതു ഗ്രാമസഭയിലും അവതരിപ്പിച്ച് അംഗീകാരം നേടിയില്ല. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ പഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് അംഗീകാരം വാങ്ങുകയാണുണ്ടായത്.

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12 വർഷങ്ങളിൽ പൊതുഭൂമിയിൽ നിർദ്ദേശിക്കപ്പെട്ട ഇടപെടലുകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്നതിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. ഭക്ഷ്യോൽപ്പാദനരംഗത്തെ ഗ്രാമപഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ മാസ്റ്റർ പ്ലാനിൽ നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും ഇത്തരത്തിലുള്ള ഒരു പദ്ധതി പോലും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിൽ മണ്ണൊലിപ്പ് തടയാനും കാലിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും പുല്ല് വെച്ച് പിടിപ്പിക്കൽ, മൺ വരമ്പ് നിർമ്മാണം, മഴക്കുഴി നിർമ്മാണം, തെങ്ങിന് തടം തുറക്കൽ, പുതയിടൽ, കുളങ്ങൾ നവീകരണം, പാടശേഖരത്തിന് വരമ്പൊരുക്കൽ, ജൈവവേലി നിർമ്മാണം, തട്ടുതിരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ശുപാർശ ചെയ്യപ്പെട്ടുവെങ്കിലും ഈ വിഭാഗത്തിൽ പ്രവൃത്തികൾ നടത്താനായില്ല.

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെ തരിശും പുറമ്പോക്കും കൃഷി യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകളൊന്നും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല. കൃഷിഭവൻ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ പങ്കാളിയാകാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ ഭൂവിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പോലും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടാതിരുന്നതിന് കാരണമായി. 2008-09 മുതൽ 2012-13 വരെയുള്ള 5 വർഷക്കാലയളവിൽ 10,21,239 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും 12,75,60,081/- രൂപ ചെലവാക്കാനും ലക്ഷ്യമിട്ടുവെങ്കിലും കേവലം 70,004 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും 1,05,85,110 രൂപ ചെലവഴിക്കാനും മാത്രമാണ് സാധിച്ചത്.



കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ നീർത്തടാധിഷ്ഠിത പദ്ധതികൾ

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിൽ (എം.എസ്)296/06/തസ്വഭവ തീയതി 28.12.06 നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചല്ല നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി മുന്നൊരുക്കങ്ങൾ നടത്തിയിട്ടുള്ളത്. നീർത്തട മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നുണ്ടെങ്കിലും പ്രധാനമായും നടപ്പാക്കിയിട്ടുള്ളത് നീർക്കുഴി നിർമ്മാണം, കിണർ ആഴം കൂട്ടൽ തുടങ്ങിയവ മാത്രമാണ്.

എന്നാൽ മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ നീർത്തട മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിച്ചില്ലെങ്കിലും ഭൂവികസനം, മണ്ണൊലിപ്പ് തടയൽ, ജലസംരക്ഷണം തുടങ്ങിയ മാതൃകാപരമായ പ്രോജക്ടുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുകയുണ്ടായി. 2010-11 വർഷത്തിൽ നടപ്പാക്കിയ ഏതാനും നീർത്തടാധിഷ്ഠിത പദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ചെലവ് |
|---|---|---|
| 1 | പള്ളിക്കുന്ന് എസ്.സി.കോളനി ഭൂമി സംരക്ഷണം | 93580 |
| 2 | മണ്ണുരുട്ടി ഹരിജൻ കോളനി കൃഷി യോഗ്യമാക്കൽ | 89981 |
| 3 | പാലപ്പറമ്പ് കമ്പനിമുക്ക് കോളനിയിലെ മണ്ണൊലിപ്പ് തടയൽ | 114483 |
| 4 | കാരച്ചാർ കോളനി മണ്ണ് ജല സംരക്ഷണം | 89882 |
| 5 | മുണ്ടാൻതോട് മാടം കോളനി മണ്ണൊലിപ്പ് തടയൽ | 46765 |
| 6 | പി.എച്ച്.സി. ഭൂമി സംരക്ഷണം | 56437 |
| 7 | പന്തലിങ്ങൽ-കുഞ്ഞാറ്റക്കുന്ന് എസ്.സി.കോളനി മണ്ണ് സംരക്ഷണം | 98440 |
| 8 | വടപുറം പുഴയ്ക്ക് തടയണ നിർമ്മാണം | 110730 |
| 9 | വീട്ടിക്കുന്ന് ഹരിജൻ കോളനി മണ്ണൊലിപ്പ് തടയൽ | 110075 |
| 10 | പൊങ്ങല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ തടയണ നിർമ്മാണം | 111070 |
| | ആകെ | 921443 |

2011-12 വർഷത്തിൽ നടപ്പാക്കിയ ഏതാനും നീർത്തടാധിഷ്ഠിത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ചെലവ് |
|---|---|---|
| 1 | ചാലിയാർ പുഴയ്ക്ക് തടയണ നിർമ്മാണം | 91600 |
| 2 | കരിന്താർ കോളനി ഭൂമി സംരക്ഷണം | 144210 |
| 3 | പി.എച്ച്.സി.ഭൂമി സംരക്ഷണം | 91042 |
| 4 | എസ്.സി.കോളനി ഭൂമി സംരക്ഷണം | 138483 |
| 5 | എസ്.ടി.കോളനി ഭൂമി സംരക്ഷണം | 141789 |
| 6 | കക്കുംവള്ളിതോട് തടയണ നിർമ്മാണം | 82700 |
| | ആകെ | 689824 |

## 6. തൊഴിലുപകരണങ്ങൾ

15.05.2010 ലെ 18539/ഡി.ഡി.2/2010/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഉപയോഗിക്കേണ്ട ഉപകരണങ്ങളുടെ വാങ്ങൽ, ഉപയോഗം, അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവൃത്തികൾക്കാവശ്യമായ തൊഴിലുപകരണങ്ങൾ ഗ്രാമപഞ്ചായത്തുകൾ വികസന ഫണ്ട്/പൊതു ആവശ്യ ഗ്രാന്റ്/തനത് വരുമാനം എന്നിവയിൽ നിന്നും വാങ്ങേണ്ടതാണ്. ഓരോ പഞ്ചായത്തിനും പ്രാദേശികമായി ആവശ്യമായ തൊഴിലുപകരണങ്ങൾ ഏതെന്ന് ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി നിർണ്ണയിക്കേണ്ടതാണ്. തൊഴിലുപകരണങ്ങൾ ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ്, റെയ്ഡ്കോ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയിൽ നിന്നോ അല്ലെങ്കിൽ സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങൾക്ക് വിധേയമായി മത്സരാധിഷ്ഠിത ടെണ്ടറിലൂടെയോ പഞ്ചായത്തുകൾ വാങ്ങേണ്ടതാണ്.



പഞ്ചായത്ത് വാങ്ങുന്ന തൊഴിലുപകരണങ്ങൾ ഓരോ വാർഡിലും നിലവിലുള്ള പ്രാദേശിക വികസന സമിതികൾക്ക് **(ADS)** കൈമാറേണ്ടതാണ്. ഈ സമിതികൾ ലഭ്യമായിട്ടുള്ള തൊഴിലുപകരണങ്ങൾ വാർഡിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗ്രൂപ്പ് തൊഴിലാളികൾക്ക് വാടകയ്ക്ക് നൽകുന്ന സാമ്പത്തിക പ്രവൃത്തിയായി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തേണ്ടതാണ്. യൂണിറ്റുകൾ പഞ്ചായത്ത് നിശ്ചയിക്കുന്ന പ്രാദേശിക വാടക നിരക്ക് ഈടാക്കേണ്ടതാണ്. തൊഴിലുപകരണങ്ങളുടെ വാടക പ്രവൃത്തിയുടെ മെറ്റീരിയൽ കമ്പോണന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, മൂർച്ചകൂട്ടൽ മാറ്റി വാങ്ങൽ എന്നിവയ്ക്കുവേണ്ടി വരുന്ന ചെലവുകൾ വാടകയിൽ നിന്നും സംഘത്തിന് വഹിക്കാവുന്നതാണ്. ഇതിലേയ്ക്കായി **ADS** പ്രത്യേക ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതുണ്ട്. തൊഴിലാളികൾ സ്വന്തം ആയുധങ്ങൾ ഉപയോഗിക്കുന്നെങ്കിൽ ജില്ലാതല സാങ്കേതിക സമിതി നിശ്ചയിച്ച വാടക തൊഴിലാളിക്ക് അക്കൗണ്ടിലൂടെ നൽകേണ്ടതാണ്. തൊഴിലുപകരണങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ കാലാകാലങ്ങളിൽ പുതുക്കി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ തൊഴിലുപകരണങ്ങൾ ആവശ്യമായ എണ്ണം വാങ്ങി നൽകുന്നതിലും സ്റ്റോക്ക് രജിസ്റ്റർ കാലാകാലങ്ങളിൽ പുതുക്കി എഴുതി സൂക്ഷിക്കുന്നതിലും ഗ്രാമപഞ്ചായത്ത് നൽകിയ തൊഴിലുപകരണങ്ങളുടെ വാടക നിശ്ചയിച്ച് **ADS** ന്റെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിലും പരിശോധന നടത്തിയ ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ഗുരുതരമായ അനാസ്ഥയാണ് കാണിക്കുന്നത്.

ജില്ലാതല സാങ്കേതിക സമിതി ഗ്രാമപഞ്ചായത്തിന് ആവശ്യമായ തൊഴിൽ ഉപകരണങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് നൽകിയിട്ടില്ല. തൊഴിലുപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വാടക ഈടാക്കുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. എ.ഡി.എസ്സു.കൾ അക്കൗണ്ട് തുറക്കാത്തതിനാൽ തൊഴിലുപകരണങ്ങളുടെ വാടകയിനത്തിലെ തുക നഷ്ടമാകുന്നു.

ചുവടെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ പരിമിതമായ തൊഴിലുപകരണങ്ങളാണ് വാങ്ങി നൽകുന്നത്. തൊഴിലാളികളുടെയും അതാത് വാർഡിലെ മേറ്റുമാരുടെ അധീനതയിലുള്ള ഉപകരണങ്ങളുമാണ് കൂടുതലായും ഉപയോഗിക്കുന്നത്.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|
| 1 | കൊല്ലം | കിഴക്കേകല്ലട | ഗ്രാമപഞ്ചായത്ത് നാളിതുവരെ യാതൊരു തൊഴിൽ ഉപകരണവും വാങ്ങി നൽകിയിട്ടില്ല |
| 2 | ഇടുക്കി | മരിയാപുരം | |
| 3 | എറണാകുളം | കാഞ്ഞൂർ | |
| 4 | തൃശ്ശൂർ | കൊരട്ടി | |
| 5 | പാലക്കാട് | അലനല്ലൂർ | |
| 6 | പാലക്കാട് | എലപ്പുള്ളി | |
| 7 | പാലക്കാട് | വിളയൂർ | |
| 8 | കണ്ണൂർ | എരഞ്ഞോളി | |

എന്നാൽ പാലക്കാട് ജില്ലയിലെ വിളയൂർ, എലപ്പുള്ളി, അലനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

**തൊഴിലുപകരണങ്ങളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ**

തൊഴിലുറപ്പ് പദ്ധതി പ്രകാരം **ADS** ന് കൈമാറിയ തൊഴിലുപകരണങ്ങൾ ഉപയോഗിച്ചാൽ ആയതിന്റെ വാടക **ADS** കൾക്ക് ഈടാക്കാവുന്നതാണ് എന്നും തൊഴിലുപകരണങ്ങളുടെ വാടകയിനത്തിൽ ലഭിക്കുന്ന വരുമാനം **ADS** ന്റെ പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നല്ലൊരു ശത മാനം ഗ്രാമപഞ്ചായത്തുകളിലും ഭൂരിഭാഗം വാർഡുകളിലെയും **ADS** കൾ ഈ ആവശ്യത്തിനായി പ്രത്യേക ബാങ്ക് അക്കൗണ്ട് തുറന്നില്ല. ഇത് വഴി **ADS** കൾക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ബാങ്ക് അക്കൗണ്ട് തുടങ്ങുവാൻ **ADS** കളെ സഹായിക്കേണ്ടത് **CDS** ന്റെ ചുമതലയാണ്. ആയതിനാൽ ബാങ്ക് അക്കൗണ്ട് തുടങ്ങാത്തതുവഴി **ADS** കൾക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന്റെ ഉത്തരവാദിത്തം **CDS** നാണ്.

നല്ലൊരു ശതമാനം **ADS** കളും തങ്ങൾക്ക് ലഭിച്ചതും വാങ്ങിയതുമായ തൊഴിലുപകരണങ്ങളുടെ കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല. ചില **ADS** കൾ ശരിയായ ബോധവൽക്കരണത്തിന്റെ അഭാവത്തിൽ ബാങ്ക് അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുന്നു. അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനോ തുക കാര്യമായി ഉപയോഗപ്പെടുത്തുന്നില്ല.ഇപ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയത് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം | എ.ഡി.എസ്.ന് ലഭിച്ച വാടക സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല |
| 2 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി | വാടക ഈടാക്കുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല |
| 3 | കോട്ടയം | ഉദയനാപുരം | എ.ഡി.എസ്.കൾക്ക് ലഭിച്ച വാടക അക്കൗണ്ടിൽ സൂക്ഷിക്കുന്നു. അറ്റകുറ്റപ്പണികൾക്കും പുതിയവ വാങ്ങുന്നതിനും ഉപയോഗപ്പെടുത്തുന്നില്ല. |
| 4 | | മരങ്ങാട്ടുപ്പള്ളി | വാടകയിനത്തിൽ ലഭിക്കുന്ന തുക ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുന്നു.ചെലവിനത്തിലെ കൃത്യമായ കണക്കുകൾ ലഭ്യമല്ല |
| 5 | എറണാകുളം | കാഞ്ഞൂർ | വാടകയിനത്തിൽ നാളിതുവരെ എത്ര തുക കിട്ടിയെന്നോ, എത്ര തുക ചെലവഴിച്ചു എന്നോ, നീക്കിയിരുപ്പ് എത്രയെന്നോ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. |
| 6 | | അശമന്നൂർ | എ.ഡി.എസ്-ന്റെ പൊതുവായ അക്കൗണ്ടിലാണ് വാടക തുക നിക്ഷേപിക്കുന്നത്. ആയതിനാൽ വാടകയിനത്തിൽ ഓരോ വർഷവും ലഭിച്ച തുക കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല |
| 7 | തൃശ്ശൂർ | കൊരട്ടി | എ.ഡി.എസ്.കൾ നിർദ്ദിഷ്ട ഫോറത്തിലെ കണക്കു പുസ്തകം എഴുതി സൂക്ഷിക്കുന്നില്ല.. വൻതുകകൾ പിൻവലിച്ച് ദിവസങ്ങളോളം ചെലവഴിക്കാതെ കൈവശം വയ്ക്കുന്നു. |

LOCAL FUND AUDIT DEPARTMENT

എന്നാൽ പരിശോധന നടത്തിയതിൽ ചുവടെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ ഈടാക്കിയ വാടക എ.ഡി.എസ്.ന്റെയും തൊഴിലാളികളുടെയും അക്കൗണ്ടുകളിൽ കൃത്യമായി നിക്ഷേപിക്കുകയും എ.ഡി.എസ്. അവ ഉപയോഗപ്പെടുത്തി പണിയായുധങ്ങൾ ശരിയാക്കുകയും പുതിയവ വാങ്ങുകയും ചെയ്യുന്നുണ്ട്.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | പാലക്കാട് | അലനല്ലൂർ |
| 2 | പാലക്കാട് | എലപ്പുള്ളി |
| 3 | പാലക്കാട് | വിളയൂർ |
| 4 | മലപ്പുറം | മമ്പാട് |
| 5 | കോഴിക്കോട് | എടച്ചേരി |

തൊഴിലുപകരണങ്ങൾക്ക് നിശ്ചയിച്ച വാടകയും ഉപകരണത്തിന്റെ യഥാർത്ഥ സംരക്ഷണച്ചെലവും തമ്മിലുള്ള അന്തരംമൂലം ഉപകരണങ്ങൾ യഥാവിധി സംരക്ഷിക്കപ്പെടാതെ നശിക്കുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉപകരണങ്ങളുടെ സംരക്ഷണ ചെലവ് വളരെ കൂടിയതിനാൽ ഇപ്പോൾ നൽകുന്ന വാടക നിരക്കിൽ ഉപകരണങ്ങൾ സംരക്ഷിക്കാൻ സാധിക്കുന്നില്ലായെന്ന് ഓഡിറ്റിന്റെ ഭാഗമായി നടന്ന ചർച്ചയിൽ എ.ഡി.എസ്. അഭിപ്രായപ്പെട്ടത് ശരിയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലഭിക്കുന്ന വാടകയേക്കാൾ തുക ഉപകരണ അറ്റകുറ്റപ്പണിക്ക് ചെലവഴിക്കേണ്ടി വരുന്നുണ്ട്.

## 7. കുടുംബശ്രീ സംവിധാനത്തിന്റെ പങ്കാളിത്തം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ കുടുംബശ്രീ സംവിധാനത്തിന് വളരെയധികം ഉത്തരവാദിത്തങ്ങളുണ്ട്. പദ്ധതിയെക്കുറിച്ച് വേണ്ട രീതിയിൽ പ്രചാരണം നടത്തുന്നതിനും പൊതുജനങ്ങളെ ബോധവൽക്കരിച്ച് പങ്കാളിത്തം ഉറപ്പുവരുത്താനും ഫലപ്രദമായ ഇടപെടലുകൾ കുടുംബശ്രീ സംവിധാനത്തിന് നടത്താവുന്നതാണ്.

തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹിക്കുന്ന ഓരോ പ്രവൃത്തിയുടെയും മേൽനോട്ടം വഹിക്കുന്നതിനും, പ്രവൃത്തി സംബന്ധമായ രേഖകൾ സൂക്ഷിക്കുന്നതിലും നിശ്ചിത യോഗ്യതയുള്ള തൊഴിലാളികളെ മേറ്റുമാരായി (തൊഴിൽ സ്ഥലത്ത് മേൽനോട്ടം വഹിക്കുന്നതിന്) നിയമിക്കേണ്ടതാണ്. ഇപ്രകാരം മേറ്റുമാരായി നിയമിക്കപ്പെടുന്നവർക്ക് പദ്ധതികൾ ചർച്ച ചെയ്യുക, വർക്ക് സൈറ്റിൽ അപകടം പറ്റിയാൽ ചെയ്യേണ്ട കാര്യങ്ങൾ, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ, മസ്റ്റർറോൾ കൈകാര്യം ചെയ്യൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകേണ്ടതാണ്. പരിശോധന നടത്തിയ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിശീലനം സിദ്ധിച്ചവരെ തന്നെയാണ്മേറ്റ്മാരായി നിയമിച്ചിട്ടുള്ളത്.

മേറ്റ്കൾക്ക് ടേപ്പ്, കാൽക്കുലേറ്റർ എന്നിവയും തൊഴിലാളികൾക്ക് പ്രവൃത്തിക്കിടയിൽ അപകടം സംഭവിച്ചാൽ ആവശ്യമായ പ്രഥമശുശ്രൂഷാ സാമഗ്രികളും പഞ്ചായത്ത് നൽകേണ്ടതാണ്. പ്രഥമശുശ്രൂഷ സാമഗ്രികൾ മേറ്റ്മാർക്ക് കൃത്യമായി നൽകാറുണ്ടെങ്കിലും മറ്റ് ഉപകരണങ്ങൾ നൽകുന്നതിൽ മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തും, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തും, വീഴ്ച വരുത്തിയിട്ടുണ്ട്.

40 തൊഴിലാളികളെങ്കിലും ജോലി ചെയ്യുന്ന പ്രവൃത്തികൾക്ക് മാത്രമേ മെയ്റ്റിനെ പ്രത്യേകമായി നിയമിക്കാവൂ. ഇത്തരം പ്രവൃത്തികളിൽ നിശ്ചിത ദിവസം കഴിയുമ്പോൾ മെയ്റ്റിനെ മാറ്റി പുതിയയാൾക്ക് ചുമതല നൽകേണ്ടതാണ്. ഇതിനായി പരിശീലനം ലഭിച്ച മെയ്റ്റിന്റെ ലഭ്യത എല്ലായ്പ്പോഴും ഉറപ്പു വരുത്തുന്നതിനായി ഒരു ഗ്രാമപഞ്ചായത്ത് വാർഡിൽ കുറഞ്ഞത് 9 പേർക്കെങ്കിലും പരിശീലനം നൽകണമെന്ന് സർക്കാർ നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ ഓരോ വാർഡിലേക്കും വർഷം മുഴുവൻ ഒരേ മെയ്റ്റിനെത്തന്നെ നിയോഗിക്കുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. കാലാകാലങ്ങളിൽ മെയ്റ്റുമാരെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകി സജ്ജരാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുന്നില്ല. അവലോകനം നടത്തിയ മറ്റു ജില്ലകളിലെല്ലാം കൃത്യമായ ഇടവേളകളിൽ മെയ്റ്റിനെ മാറ്റി പുതിയയാൾക്ക് ചുമതല നൽകുന്നുണ്ട്. എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഒരു ദിവസം 40 തൊഴിലാളികളെ ഉപയോഗിക്കുന്ന പ്രവൃത്തികൾ കുറവായതിനാൽ ഭൂരിഭാഗം പ്രവൃത്തികളിലും തൊഴിലാളികളിൽ ഒരാൾ മേറ്റിന്റെ ചുമതല ഏറ്റെടുക്കുകയും തൊഴിലാളികൾ തൊഴിലുപകരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു വരുന്നു.

LOCAL FUND AUDIT DEPARTMENT